**നിയമനിർമ്മാണം** :

മി. സ്പീക്കർ : ഇന്ന് രണ്ട് ബില്ലുകൾ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. അതിനിടയിൽ അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് രണ്ട് മണിക്കൂർ ചർച്ച നടത്തേണ്ടതായിട്ടുണ്ട്. ഇതിലെ ചർച്ചകളിൽ സമയനിബന്ധന പാടി ല്ലെന്നുണ്ടെങ്കിലും ഒരു ബില്ലിന് സഭ അലോട്ട് ചെയ്തിരിക്കുന്നത് ഒന്നര മണിക്കൂറാണെന്ന കാര്യം ഞാൻ വീണ്ടും ഓർമിപ്പിക്കുന്നു. അടിയന്തരപ്ര മേയ ചർച്ച ഇടയ്ക്കുള്ളതുകൊണ്ട് എല്ലാവരും സ്വയംനിയന്ത്രണം നട ത്തിയാൽ വളരെ വൈകാതെ പിരിയാൻ കഴിയും.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ, അങ്ങേയ്ക്ക് 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാ നുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും അങ്ങേയ്ക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറു മാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡി നൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

Uncorrected / Not for publication

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് 2012-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : ഞാൻ പിൻതാങ്ങുന്നു

മി. സ്പീക്കർ : ശ്രീമതി ഇ. എസ്. ബിജിമോൾ, അങ്ങേയ്ക്ക് 2012 -ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീമതി ഇ.എസ്. ബിജിമോൾ: Sir, I move that - "This House resolves to disapprove The Kerala Local Authorities (Prohibition of Defection) Ordinance, 2012 (Ordinance No.50 of 2012)".

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇൻഡ്യയുടെ സൗന്ദര്യം നിലകൊള്ളുന്നത് ഗ്രാമങ്ങളിലാണ്. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സ്വപ്നമായ ഗ്രാമസ്വരാജ് ഇന്നും യാഥാർത്ഥ്യമാകാത്ത കടലാസ്സുപുലിയായി നിയമപുസ്തകങ്ങളിൽ ഉറങ്ങുകയാണ്. സ്വയംപര്യാപ്ത ഗ്രാമങ്ങളെക്കുറിച്ച് നമ്മൾ വാചാലരാകുമ്പോൾ വാക്കുകളിലെ ആത്മാർത്ഥത ഭരണകർത്താക്കൾക്ക് പ്രവൃത്തിയിലേയ്ക്ക് കൊണ്ടുവരുവാൻ തടസ്സമാകുന്നത് എന്താണെന്ന് പരിശോധിക്കണം. അനാകർഷകങ്ങളായ ഗ്രാമസഭകളുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഗ്രാമയാത്രയിലേയ്ക്കെത്തിയ ആളുകളുടെ എണ്ണവും പരാതിയും നോക്കിയാൽ ഒരു കാര്യം വ്യക്തമാണ്. പൗരൻമാർക്ക് ഗ്രാമസഭകളിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടാണോ ഗ്രാമസഭകൾ ശൂന്യമാകുന്നത്? ക്വാറം തികയ്ക്കാൻ പഞ്ചായത്ത് മെമ്പർമാർ കള്ളഒപ്പിടേണ്ട സാഹചര്യവുമുണ്ടാകുന്നു. ഗ്രാമസഭ നടത്താതിന്റെ പേരിൽ പഞ്ചായത്തുകൾ പിരിച്ചുവിടുന്നു. പഞ്ചായത്തുകളുടെ അടിസ്ഥാന പ്രശ്നം എന്താണെന്ന് പഠിക്കുവാനും പരിഹാരം കാണുവാനും ഗവൺമെന്റ് തയ്യാറാകണം. കേന്ദ്ര-സംസ്ഥാന ടാക്സ് വിഹിതം കഴിഞ്ഞ് കിട്ടുന്ന നികുതി

വരുമാനവും ഗ്രാന്റുകളും ലോണുകളുമായി പല പഞ്ചായത്തുകളും കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന സാഹചര്യമാണുള്ളത്. ജീവനക്കാർക്ക് ശമ്പളം കൊടുക്കുവാൻപോലും കഴിയുന്നില്ല. തനത് ഫണ്ട് ഉപയോഗിച്ച് മുൻകട ബാധ്യതയുടെ പലിശ അടയ്ക്കുവാൻപോലും കഴിയാത്ത അവസ്ഥയിലാണ് പല പഞ്ചായത്തുകളും മുന്നോട്ടുപോകുന്നത്.. ഓരോ വ്യക്തിക്കും വ്യക്തിത്വമുണ്ട്. ഓരോ രാജ്യത്തിനും ദേശത്തിനും ആ വ്യക്തിത്വം ബാധകമാണ്. ബ്രിട്ടന്റെ വ്യക്തിത്വം കച്ചവടമാണ്, ഫ്രാൻസിന്റേത് രാഷ്ട്രീയമാണ്, എന്നാൽ ഇൻഡ്യയുടേത് ആത്മീയതയാണ്. പാർട്ടികൾക്കും വ്യക്തിത്വമുണ്ട്. കേരളത്തിൽ യു.ഡി.എഫിന് നേതൃത്വം നൽകുന്ന കോൺഗ്രസ്സിന്റെ വ്യക്തിത്വം കച്ചവടമാണെന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. ഫലമോ പഞ്ചായത്തുകളുടെ മേൽ തങ്ങളുടെ നയങ്ങളുടെ കടന്നാക്രമണമുണ്ടാകുന്നു. കാര്യങ്ങൾ പഠിക്കാതെ ഇഷ്ടംപോലെ സഭയ്ക്കുള്ളിലും പുറത്തും മന്ത്രിമാർ പ്രഖ്യാപനങ്ങൾ നടത്തുമ്പോൾ ഒരു തുണ്ട് ഭൂമിയും വീടും സ്വപ്നം കണ്ട് സ്വന്തം കൂര പൊളിച്ച് ഷെഡ്ഡുകളിൽ കഴിയുന്നവർ സ്വപ്നങ്ങൾ നഷ്ടപ്പെട്ട് നിരാശയിലേയ്ക്ക് ആഴുന്ന സാഹചര്യമുണ്ടാകുന്നു. ഗ്രാമയാത്രയിൽ ഏറ്റവും കൂടുതൽ പരാതി ലഭിച്ചത് ഭവനനിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ടാണ് എന്നത് ശ്രദ്ധേയമാണ്. ഇന്ദിരാ ആവാസ് യോജന, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി തുടങ്ങി ബഹുമാന്യരായിട്ടുള്ള ഭരണാധികാരികളുടെ പേരിൽ എത്ര പദ്ധതികൾ നമ്മുടെ രാജ്യം അഭിമാനത്തോടുകൂടി ഏറ്റെടുത്തു. മുൻമുഖ്യമന്ത്രി

യായിരുന്ന ഇ.എം.എസ്-ന്റെ പേരിലുള്ള പാർപ്പിടപദ്ധതിക്ക് എന്തിനാണ് അയിത്തം പ്രഖ്യാപിക്കുന്നത്; ആ പദ്ധതിയെ എന്തിനാണ് അട്ടിമറിക്കുന്നത്? അനുവദിച്ച അധികതുക പഞ്ചായത്തുകൾ എങ്ങനെ കണ്ടെത്തണമെന്നുള്ളത് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. വ്യക്തമായ നിർദ്ദേശങ്ങൾ നൽകുവാൻ കഴിയാത്ത സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. ആർ.എം.എസ്.എൽ. പദ്ധതി മറ്റൊരു ഉദാഹരണമാണ്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ പേരിൽ 58.12 ലക്ഷം രൂപ, 20 ലക്ഷം രൂപ വീതം സ്കൂളുകളിലെ പി.ടി.എ.യുടെ അക്കൗണ്ടിലേയ്ക്ക് വന്നിട്ട് ഒന്നര വർഷം കഴിയുകയാണ്. യു.പി. തലം വരെയുള്ള സ്കൂളുകളുടെ അധികാരം പഞ്ചായത്തുകൾക്കാണ് എന്നുള്ളതാണ് ഏറ്റവും പ്രസക്തമായ ചോദ്യം. ഒന്നര വർഷം കഴിഞ്ഞിട്ടും ഈ പണം എങ്ങനെ ചെലവഴിക്കണം എന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് പഞ്ചായത്തിലേയ്ക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടില്ല. ജില്ലാ പഞ്ചായത്താണോ ഗ്രാമ പഞ്ചായത്താണോ ബന്ധപ്പെട്ട പി.ടി.എ. ആണോ അതോ മറ്റേതെങ്കിലും സംവിധാനങ്ങളാണോ ഈ പണം ചെലവഴിക്കേണ്ട നിർവ്വഹണ ഏജൻസി എന്നത് വ്യക്തമാക്കുവാൻ ഗവൺമെന്റിന് കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. പഞ്ചായത്ത് വകുപ്പ് വിദ്യാഭ്യാസ മന്ത്രിയോട് ചോദിച്ചാൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട ആലോചനയിലാണ് ഞങ്ങളെന്ന് പറയുന്നു. എന്നാൽ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് വ്യക്തമായ നിർദ്ദേശങ്ങളുണ്ടാകുന്നില്ല. ഗ്രാമപഞ്ചായത്ത്

മന്ത്രിയുമായി ചർച്ച ചെയ്തപ്പോൾ നൽകിയിരിക്കുന്ന ഡിസൈനിൽ പണി പൂർത്തിയാക്കണമെങ്കിൽ ഏതാണ്ട് ഒരു കോടി രൂപയോളം വേണ്ടി വരും. ആർ.എം.എസ്.എ.യുടെ രണ്ടാം ഘട്ടം പണം വാങ്ങിയെടുക്കുവാൻപോലും സംസ്ഥാന ഗവൺമെന്റിന് കഴിയാത്ത സാഹചര്യമുണ്ട്. അധികതുക എങ്ങനെ കണ്ടെത്തുമെന്ന് പഞ്ചായത്തുകൾക്ക് വ്യക്തമായ നിർദ്ദേശം നൽകുവാൻ ഒന്നര വർഷക്കാലമായിട്ടും കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ വിദ്യാഭ്യാസ മന്ത്രിയുടെയും പഞ്ചായത്ത് വകുപ്പുമന്ത്രിയുടെയും ഒരു സംയുക്തയോഗം വിളിച്ചുകൂട്ടുവാൻപോലും കഴിഞ്ഞിട്ടില്ലെന്നത് നിർഭാഗ്യകരമാണ്. മന:സാക്ഷിക്ക് അനുസരിച്ച് കേസ്സെടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമപ്രകാരം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മേൽ കേസ്സെടുക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. ബെഞ്ചും ഡെസ്കുമില്ല, അടിസ്ഥാന സൗകര്യങ്ങളില്ല, സ്കൂൾ കെട്ടിടങ്ങളില്ല, ഈ പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഇന്ന് വരാന്തയിലും പെരുവഴികളിലുമായി കഴിയുന്ന സാഹചര്യമാണ്. രക്ഷകർത്താക്കൾ പഞ്ചായത്ത് പ്രസിഡന്റുമാരെ ബന്ദികളാക്കി അടിസ്ഥാന സൗകര്യമൊരുക്കണമെന്ന് മുറവിളി കൂട്ടുന്നു. നിങ്ങൾ നടപ്പിലാക്കുന്ന വികലമായ നയങ്ങൾമൂലം ഏതെങ്കിലും പഞ്ചായത്ത് പ്രസിഡന്റോ മറ്റ് അംഗങ്ങളോ കൂറുമാറിയാൽ കുറ്റം പറയുവാൻ കഴിയാത്ത അരാഷ്ട്രീയ സാഹചര്യമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. പഞ്ചായത്തുകൾ

വിതരണം ചെയ്യേണ്ട പല പെൻഷൻ തുകകളും സമയബന്ധിതമായി പഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല. 110 കോടി രൂപ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയാണെന്നുള്ളത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടു ണ്ട്. കുടുംബങ്ങളിൽ സംഘർഷവും അടുക്കളയിൽ കലാപവുമാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും മികച്ച നേട്ടങ്ങൾ. വിലക്കയറ്റം കൊണ്ട് ജന ങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണ്. ഗവൺമെന്റ് വിലക്കയറ്റം ഉണ്ടെന്ന് സമ്മതിക്കുമ്പോഴും ക്രിയാത്മകമായ നടപടികളെടുക്കുന്നില്ല. എ.പി. എൽ./ബി.പി.എൽ. ലിസ്റ്റിന്റെ തർക്കങ്ങൾ തെരുവുയുദ്ധങ്ങളുണ്ടാക്കുന്നു. ബലിയാടുകളാകുന്നത് പാവം പഞ്ചായത്ത് മെമ്പർമാരാണ്. രാസവള ത്തിന്റെ വിലവർദ്ധനവിന്റെ ഭാഗമായി 250 കോടി രൂപ കൃഷിക്കാരുടെ പോക്കറ്റിൽ നിന്നും കമ്പനികൾ തട്ടിയെടുത്തുക്കഴിഞ്ഞു. ഈ വാർത്തക ളൊക്കെ നമ്മളെ ഞെട്ടിക്കുന്നതാണ്. എൺപതിലധികം കൃഷിക്കാർ ആത്മഹത്യ ചെയ്തു. കടാശ്വാസ കമ്മീഷൻ പണമില്ലാതെ നോക്കുകുത്തി കമ്മീഷനായി മാറിക്കഴിഞ്ഞു. കമ്മീഷന്റെ തീരുമാനങ്ങളെ ബാങ്കുകൾ മാനിക്കാതെ ജപ്തി നോട്ടീസുകളുടെ പെരുമഴക്കാലം സൃഷ്ടിക്കുന്ന സാഹചര്യവുമുണ്ട്. നെൽകർഷകർ സംഭരണവില ലഭിക്കാതെ അന്ധാളി ച്ചുനിൽക്കുന്നു. ഒരു മുട്ടയുടെ വിലയും ഒരു നാളികേരത്തിന്റെ വിലയും തുല്യമായിരിക്കുന്നുവെന്ന് ഡോ. തോമസ് ഐസക് എഴുതിയ വിലക്കയറ്റ വുമായി ബന്ധപ്പെട്ട ലേഖനത്തിൽ പരാമർശിക്കുന്നു. ഇതൊക്കെ സാധാ രണ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളാ

ണ്. ആ വിഷയങ്ങൾ ഗൗരവതരമായി കാണാനും കണക്കിലെടുക്കാനും പരിഹാരമുണ്ടാക്കാനും ഗവൺമെന്റുകൾക്ക് കഴിഞ്ഞെങ്കിൽ മാത്രമേ മാറി മാറി നടത്തുന്ന നിയമനിർമ്മാണങ്ങൾക്ക് അതിന്റെ അർത്ഥവും വ്യാപ്തിയും ഉണ്ടാകൂ. ഓരോ നിയമങ്ങൾ നിർമ്മിക്കപ്പെടുമ്പോഴും ആ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ സാമൂഹിക അന്തരീക്ഷവും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. സേവന അവകാശ നിയമം കൊട്ടിഘോഷിച്ച് നമ്മൾ പാസ്സാക്കി.

ശ്രീ. ഇ. കെ. വിജയൻ: ഞങ്ങളുടെ നാട്ടിൽ രണ്ട് തേങ്ങയുടെ വിലയാണ് ഒരു മുട്ടയ്ക്കുള്ളതെന്ന് അറിയാമോ?

ശ്രീമതി ഇ. എസ്. ബിജി മോൾ: നാളികേരം ആർക്കും വേണ്ടാത്ത ഒരു അവസ്ഥയിൽ കേരകർഷകർ കടുത്ത പ്രതിസന്ധിയിലാണ്. നെല്ലുല്പാദകർക്ക് സംഭരിക്കപ്പെട്ട നെല്ലിന് വില കിട്ടാത്ത സാഹചര്യമുണ്ടാകുന്നു. മന്ത്രിമാർ പൊതുയോഗങ്ങളിലും പരിപാടികളിലും പങ്കെടുത്തുകൊണ്ട് വലിയ വാഗ്ദാനങ്ങൾ നൽകുന്നു. ജനങ്ങളുടെ പരാതികൾക്ക് മറുപടി പറയുന്ന ബഹുമാന്യരായ മന്ത്രിമാർ പലപ്പോഴും വാഗ്ദാനപെരുമഴകൾ നടത്തി പോകാറുണ്ട്. എന്നാൽ പ്രായോഗികതലത്തിലേയ്ക്ക് തങ്ങൾ നടത്തുന്ന വാഗ്ദാനങ്ങളെ എത്തിക്കുന്നതിനുള്ള യാതൊരുവിധ ആത്മാർത്ഥമായ ഇടപെടലുകളും ബഹുമാന്യരായ മന്ത്രിമാരുടെ ഭാഗത്തുനിന്നും പിന്നീടുണ്ടാകുന്നില്ലെന്നത് പഞ്ചായത്തംഗങ്ങളുടെ ഇടയിൽ മാത്രമല്ല പൊതുജനങ്ങൾക്കിടയിലും ഈ ഗവൺമെന്റിന്റെ വിശ്വാസ്യത തകർക്കു

ന്നതിന് കാരണമായിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളുന്ന വായ്പകളെ സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിന് ബാങ്കുകൾ തയ്യാറാകുന്നില്ല. വീണ്ടും ജപ്തി നോട്ടീസുമായി ബാങ്കുകൾ മുന്നോട്ടു പോകുന്ന സാഹചര്യമാണുള്ളത്. കടാശ്വാസ കമ്മീഷന്റെ പേപ്പറുമായി ബാങ്കുകളെ സമീപിക്കുമ്പോൾ തങ്ങൾക്ക് ഇത് ബാധകമല്ല, കടാശ്വാസ കമ്മീഷൻ പറയുന്ന തുക എഴുതിത്തള്ളണമെങ്കിൽ അതിനാവശ്യമായ തുക ലഭിച്ചെങ്കിൽ മാത്രമേ കഴിയൂ എന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഫലമായി പലപ്പോഴും നിയമസംവിധാനങ്ങളും അത് നടപ്പിലാക്കേണ്ട എക്സിക്യൂട്ടീവുകളും നോക്കുകുത്തികളായി നിൽക്കുന്ന സാഹചര്യമുണ്ട്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, ഗ്രാമസഭകളുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമം നിലനിൽക്കത്തന്നെ അത് അട്ടിമറിക്കപ്പെടുന്നു എന്നുള്ളതിനെ കാര്യഗൗരവമായി അവതരിപ്പിക്കുകയുണ്ടായി. ഗ്രാമസഭകൾ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്കുപോലും ആനുകൂല്യം ലഭ്യമാക്കാതെ ഇഷ്ടക്കാരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് ആനുകൂല്യം ലഭ്യമാക്കുന്ന നടപടിക്രമം ഇപ്പോൾ മൃഗീയമായ രാഷ്ട്രീയ പിൻബലത്തിൽ നടപ്പിലാക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : ബഹുമാനപ്പെട്ട മെമ്പർ, ഇത് പഞ്ചായത്തിൽ മാത്രമല്ല വികസനത്തിന്റെ കാര്യത്തിലും തുല്യരായി പരിഗണിക്കേണ്ട നിയമസഭയിലെ അംഗങ്ങളെപ്പോലും വ്യത്യസ്തമായ സമീപന

ത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുകയും, ഭരണകക്ഷിയിലെ അംഗങ്ങൾക്ക് വാരിക്കോരി സംഭാവനകൾ നൽകുകയും അവരുടെ മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുകയും അവർക്ക് ഭരണാനുമതികൾ വളരെ പെട്ടെന്ന് നൽകുകയും പ്രതിപക്ഷാംഗങ്ങളെ രണ്ടാംതരം പൗരന്മാരായിപരിഗണിക്കുകയും ചെയ്യുന്ന സംവിധാനമാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. സി. ജോർജ് : നിങ്ങളുടെ കാലത്ത് എങ്ങനെയായിരുന്നു?

ശ്രീമതി ഇ. എസ്. ബിജിമോൾ : ഞങ്ങളുടെ കാലത്ത് എങ്ങനെയായിരുന്നു എന്ന് രേഖകൾ പരിശോധിച്ചാൽ പോരേ? ബഹുമാനപ്പെട്ട ചീഫ് വിപ്പ്, അങ്ങയുടെ മണ്ഡലത്തിലെ തൊട്ടടുത്ത മണ്ഡലമല്ലേ എന്റേത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്രയോ ഫ്ളക്സ് ബോർഡുകളാണ് ചീഫ് വിപ്പിന്റേതായിട്ടുണ്ടായത്. ആ നാട്ടിൽ മുഴുവൻ ഫ്ളെക്സ് ബോർഡ് വച്ചിരിക്കുകയായിരുന്നു.

ശ്രീ. പി. സി. ജോർജ് : ഒരു ഫ്ളെക്സ് ബോർഡും ഞാൻ വച്ചിട്ടില്ല. റോഡും കാര്യങ്ങളുമൊക്കെ നടന്നിട്ടുണ്ട്. അത് നിഷേധിക്കുന്നില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ : തുല്യമായ പരിഗണന കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എൽ.ഡി.എഫ്.-എന്നോ യു.ഡി.എഫ്.-എന്നോ വ്യത്യാസമില്ലാതെ ആനുകൂല്യങ്ങൾ വാങ്ങി ഞങ്ങളുടെ കൂടെയിരുന്ന് ഇപ്പോൾ അപ്പുറത്തുപോയി ചീഫ് വിപ്പായി ഇരിക്കുന്ന ശ്രീ. പി. സി.

ജോർജ് അങ്ങ് തന്നെ അംഗീകരിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു തുല്യനീതി നടപ്പിലാക്കി. ഇന്ന് പഞ്ചായത്തിൽമാത്രമല്ല ഏത് തലങ്ങളെടുത്ത് പരിശോധിക്കുമ്പോഴും ഈ വിവേചനം വളരെ പ്രത്യക്ഷ മായി വന്നുകൊണ്ടിരിക്കുകയാണ്. ജപ്തി നോട്ടീസുകളുടെ ഒരു പെരു മഴക്കാലമാണ്. കൃഷിക്കാർക്ക് മാത്രമല്ല ജപ്തി നോട്ടീസ് ലഭിച്ചുക്കൊണ്ടി രിക്കുന്നത്. നഴ്സിംഗ് വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവുമായി ബന്ധ പ്പെട്ട് വിദ്യാഭ്യാസ ലോണെടുത്തിട്ടുള്ള മുഴുവൻ കുട്ടികളും ഈ കടുത്ത പ്രതിസന്ധിയിലാണ്. പെരുവഴിയിൽ നിന്ന് സമരം ചെയ്യുന്ന സാഹചര്യ ത്തിലും വിദ്യാർത്ഥികൾക്കടക്കം നോട്ടീസുകൾ ലഭിക്കുന്ന സാഹചര്യ മാണ് നമ്മുടെ മുന്നിലുള്ളത്.

<u>ശ്രീ. എസ് രാജേന്ദ്രൻ</u> : ഒരു കാര്യം കൂടി അങ്ങയുടെ ഓർമ്മയിൽ ഉണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. തോറ്റുപോയവരും എം.പി. മാരു മാണ് കേരള സംസ്ഥാനത്തെ പ്രോട്ടോകോൾ ലംഘിച്ചുകൊണ്ട് പദ്ധതി പ്രഖ്യാപനവും എം.എൽ.എ. മാരെ അപമാനിക്കുകയും ചെയ്യുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : ഞങ്ങളുടെ നാട്ടിലുമുണ്ട് ഒരു എം. പി. അദ്ദേഹം വിളിച്ചുകൂട്ടുന്ന മീറ്റിംഗുകൾ ഏതൊക്കെയാണെന്നും ഏതൊക്കെ തരത്തിലുള്ള മീറ്റിംഗുകളാണെന്നും ഞങ്ങൾക്കുതന്നെ യാതൊരു അറിവുമില്ല. ഇന്ന് മൂന്നാറിൽ ശ്രീ. എസ്. രാജേന്ദ്രന്റെ മണ്ഡ ലത്തിലാണ് ഒരു മീറ്റിംഗ് വിളിച്ചു കൂട്ടുന്നതെങ്കിൽ, മറ്റന്നാൾ പീരുമേട്ടിലാ

യിരിക്കും അടുത്ത മീറ്റിംഗ് വിളിക്കുന്നത്. എന്ത് മീറ്റിംഗാണ് എന്ന് നമ്മൾ അന്വേഷിക്കുമ്പോഴാണ്, പൊതുമരാമത്ത് വർക്കുകൾ തുടങ്ങിയവ തീരുമാനിക്കുന്നതിനുവേണ്ടി വിളിച്ചുകൂട്ടിയിട്ടുള്ള മീറ്റിംഗാണെന്ന് പിന്നീടാണ് അറിയുന്നത്. എല്ലാ സംവിധാനങ്ങളേയും അട്ടിമറിക്കുന്ന ഒരു ക്രമീകരണമാണ് പ്രിയപ്പെട്ട അംഗം ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : ഫ്ളെഡിന്റെ വർക്കുകൾ അനുവദിക്കുമ്പോൾ ഭരണപക്ഷ എം.എൽ.എ. മാർക്ക് ഒരു കോടി, ഒന്നര കോടി എന്നുള്ള വലിയ തുകയും പ്രതിപക്ഷാംഗങ്ങൾക്ക് വളരെ കുറച്ചു തുകയും കൊടുക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഫ്ളെഡിന് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ എന്നുള്ള വ്യത്യാസമുണ്ടോ?

<u>ശ്രീ. ആർ. രാജേഷ്</u> : ചില ഭരണകക്ഷി എം.എൽ.എ. മാരുടെ മണ്ഡലങ്ങളിൽ മൂന്ന് കോടി രൂപയ്ക്ക് മുകളിൽ ടെന്റർ കൊടുക്കുകയും, ചില തോറ്റുപോയ എം.എൽ.എ. മാരാണ്. ഇപ്പോൾ ചികിത്സാ ധനസഹായ പദ്ധതിയടക്കം മണ്ഡലങ്ങളിൽ പ്രഖ്യാപിക്കുന്നത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് വളരെ വിശദമായി പരിശോധിക്കേണ്ട ഒരു പ്രശ്നമാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലടക്കം ഒരിക്കലും വെള്ളപ്പൊക്കമുണ്ടായി ഒരു നാശനഷ്ടവും ഉണ്ടാകാത്ത മണ്ഡലങ്ങളിൽപോലും കോടിക്കണക്കിന്

രൂപയുടെ ആനുകൂല്യങ്ങൾ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന സാഹചര്യമുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ പണം വിതരണം ചെയ്യേണ്ട ഒരു മാനദണ്ഡം എന്താണ്? വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലാണെങ്കിൽ, വെള്ളപ്പൊക്കം ഉണ്ടാകുകയും റോഡുകളിലും മറ്റും നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കേണ്ടതെങ്കിൽ ഒരിക്കലും വെള്ളം പൊങ്ങാത്ത പല സ്ഥലങ്ങളും മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയുടെ ഫണ്ട് അനാവശ്യമായി ഈ ഗവൺമെന്റ് ചെലവഴിക്കുന്നു എന്നുള്ള ആക്ഷേപം ഞങ്ങളുടെ ഇടയിൽ മാത്രമല്ല പത്രങ്ങളിലും നാട്ടുകാരുടെ ഇടയിലും കേരളത്തിലെ മുഴുവൻ ജനങ്ങളും പ്രത്യക്ഷമായും പരോക്ഷമായും പറയുന്ന സാഹചര്യമുണ്ട്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: നേരത്തെ സുനാമി വന്ന സമയത്ത്, സുനാമിയുമായി യാതൊരു ബന്ധവുമില്ലാത്ത മാണി സാറിന്റെ പാലാ മണ്ഡലത്തിൽ സുനാമി ഫണ്ടിന്റെ കോടിക്കണക്കിന് രൂപ ചെലവഴിച്ച കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. പി. സി. ജോർജ്</u> : ഈ സഭയിൽതന്നെ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. വാസ്തവ വിരുദ്ധമായ കാര്യങ്ങൾ അന്ന് ബഹുമാനപ്പെട്ട മാണി സാറിന്റെയും മുഖ്യമന്ത്രിയുടെയും പേരിൽ പറഞ്ഞ കാര്യം തെറ്റാണെന്ന് തെളിയിച്ചല്ലോ? അത് തെറ്റാണെന്ന് തെളിയിച്ചു. തെറ്റാണെന്ന് തെളിഞ്ഞ

കാര്യം ശ്രദ്ധിക്കേണ്ടേ? ---(ബഹളം)-----നമ്മൾ രണ്ടുപേരുംകൂടി ഉന്നയിച്ചു. പക്ഷേ, അത് സത്യവിരുദ്ധമാണെന്ന് ഈ സഭയിൽ തെളിഞ്ഞു.

മി. ചെയർമാൻ : ഒരാൾ സംസാരിക്കൂ.

ശ്രീ. വി. എസ് സുനിൽ കുമാർ : ശ്രീ. പി. സി. ജോർജ് അങ്ങ് ഇടതുപക്ഷത്തിരിക്കുമ്പോൾ കെ. എം. മാണിസാർ എന്നുപോലും പറയാതെ ഈ പാലാ മെമ്പർ കോടിക്കണക്കിന് രൂപ അങ്ങോട്ട് കൊണ്ടുപോയി എന്ന് ആക്ഷേപമുന്നയിച്ച ആളാണ്. അത് രേഖയിലുണ്ട് പരിശോധിക്കണം.

ശ്രീ. പി. സി. ജോർജ് : അതല്ലല്ലോ ഇവിടെയുള്ള തർക്കപ്രശ്നം. ഞാൻ ഉന്നയിച്ചത് ശരിയാണ്. അത് വസ്തുതാവിരുദ്ധമാണ്. ഞാനും ശ്രീ. വി.എസ്. സുനിൽ കുമാറും കൂടിയാണ് ഉന്നയിച്ചത്. പക്ഷേ, വാസ്തവ വിരുദ്ധമാണെന്ന് ഈ സഭയിൽ തെളിഞ്ഞു എന്നുള്ള വസ്തുത അംഗീകരിക്കേണ്ടേ? സത്യം അറിയണം.

ശ്രീ. എ. കെ. ശശീന്ദ്രൻ : ശ്രീ. പി. സി. ജോർജ് പറഞ്ഞത് വാസ്തവവിരുദ്ധമായ കാര്യമാണെങ്കിൽ ബന്ധപ്പെട്ട മന്ത്രി അത് അന്വേഷിച്ച് സഭയിൽ റിപ്പോർട്ട് ചെയ്യുമോ?

ശ്രീ. എസ്. ശർമ്മ : ശ്രീ. പി. സി. ജോർജ് പറഞ്ഞ കാര്യം കൂടുതൽ അന്വേഷിക്കേണ്ട കാര്യമില്ല. ലോകായുക്തയുടെ മുന്നിൽ കരുനാഗപ്പള്ളിയിൽ സുനാമിക്ക് ഇരയായ ഒരു സ്ത്രീ ദുരിതങ്ങൾ വിശദീകരിച്ച് ഒരു പെറ്റീഷൻ കൊടുത്തപ്പോൾ റവന്യൂ സെക്രട്ടറിയോട് വിശദീകരണം

തേടി. റവന്യൂ സെക്രട്ടറി കൊടുത്ത അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ലോകായുക്ത ഈ വിധി പ്രസ്താവിച്ചു. അതായത് സുനാമി ക്കിരയായ പാവപ്പെട്ട ജനങ്ങൾക്കെതിരെ കൊടിയ വഞ്ചനയാണ് വകമാറ്റി തുക ചെലവാക്കിയതിന്റെ പേരിൽ ഗവൺമെന്റ് കാണിച്ചിരിക്കുന്നത്. ഇത് ലോകയുക്ത വിധിയാണ്.

മി. ചെയർമാൻ : ശ്രീമതി ബിജി മോൾ പ്രസംഗിക്കൂ.....

ശ്രീ. കെ. സുരേഷ് കുറുപ്പ് : കോടിക്കണക്കിന് രൂപ ഭരണ കക്ഷി എം.എൽ.എ. മാർക്ക് കൊടുക്കുന്നു. പ്രതിപക്ഷത്തെ എം.എൽ.എ. മാർക്ക് ഒന്നും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അഞ്ചു കോടി രൂപയാണ് ഓരോ എം.എൽ.എ.ക്കും അനുവദിച്ചത്, എന്നാൽ പ്രതിപ ക്ഷത്തെ ഒരു എം.എൽ.എ.യുടെ ഒരു റോഡും സാങ്ഷൻ ആയിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ഇ.എസ്. ബിജിമോൾ :

-----(ബഹളം)-----

ശ്രീ. എ. കെ. ശശീന്ദ്രൻ : ഒരു റോഡിനും അഞ്ചു കോടി രൂപയുടെ പദ്ധതി ഭരണകക്ഷിക്കും കിട്ടിയിട്ടില്ല എന്നാണ്. അത് വസ്തുതയാണെ ങ്കിൽ ഈ അഞ്ചു കോടി ആസ്തി വികസന ഫണ്ടിന്റെ പ്രവർത്തനം ഒരു തട്ടിപ്പു പദ്ധതിയാണെന്നാണോ അദ്ദേഹം ഉദ്ദേശിക്കുന്നത്?

ശ്രീ. പി.സി. ജോർജ്: ശ്രീ. എ.കെ. ശശീന്ദ്രൻ പറയുന്നതെന്താ ണെന്ന് കേട്ടാൽ മനസ്സിലാവില്ല. എം.എൽ.എ-മാർക്ക് 5 കോടി രൂപ

നൽകും എന്നുള്ള ഗവൺമെന്റിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കും, വരുന്ന മാർച്ച് 31-നകം 140 എം.എൽ.എ-മാർക്കും ആ തുക ലഭിക്കുമെന്ന് പറഞ്ഞപ്പോൾ അത് തട്ടിപ്പാണോയെന്ന് പി.സി.ജോർജ് കരുതുന്നുണ്ടോ എന്ന് ചോദിച്ചാൽ അത്തരം വില കുറഞ്ഞ രാഷ്ട്രീയത്തിലേയ്ക്ക് ശ്രീ. എ.കെ.ശശീന്ദ്രൻ കടക്കുന്നത് മര്യാദയല്ല. നമ്മൾക്കെല്ലാവർക്കും വിവരം മനസ്സിലാകും. ശ്രീ. എ.കെ. ശശീന്ദ്രന് മനസ്സിലാകാത്തതിന് എനിക്ക് എന്ത് ചെയ്യാൻ കഴിയും?

ശ്രീ. പി.റ്റി.എ റഹീം: സർ, ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനായി ഞങ്ങളൊക്കെ കൊടുത്തത് സ്കൂൾ ബിൽഡിംഗിനുള്ള പ്രൊപ്പോസലാണ്. സ്കൂൾ ബിൽഡിംഗിന് ഭരണാനുമതി കൊടുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് എന്നുള്ള വാദം പറഞ്ഞ് ഒരൊറ്റ സ്കൂൾ ബിൽഡിംഗിനും അനുമതി നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വർക്കുകൾക്ക് മാത്രമേ പൊതുമരാമത്ത് വകുപ്പ് അനുമതി നൽകുന്നുള്ളൂ. വേറെ ഒന്നിനും എ.എസ് ലഭിക്കാത്ത സ്ഥിതിയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നും എ.എസ് നൽകാൻ സാധിക്കില്ല എന്നറിയിച്ചുകൊണ്ട് കത്ത് വന്നിട്ടുണ്ട്. അതിനെക്കുറിച്ചായിരിക്കും ശ്രീ. പി.. സി.. ജോർജ് സൂചിപ്പിച്ചത് എന്ന് തോന്നുന്നു.

ശ്രീ. ജി.സുധാകരൻ: സർ, ഇവിടെ പറഞ്ഞുവന്ന കാര്യങ്ങൾക്ക് കുറച്ചുകൂടി വ്യക്തമായ തെളിവുകളാണ് ഞാൻ പറയുന്നത്. ഇവിടെ

ഭരണഘടനയും കീഴ്വഴക്കവുമനുസരിച്ചുള്ള ഭരണമില്ലായെന്ന് തെളിയിക്കുന്ന വളരെയധികം കാര്യങ്ങളുണ്ട്. എല്ലാ കാര്യങ്ങളിലേക്കും കടക്കുന്നില്ല. ഫിഷറീസ് റോഡുകളുടെ കാര്യം, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ ഉണ്ട്. ഞാൻ 12 റോഡുകൾക്ക് എഴുതിക്കൊടുത്തു. മൂന്ന് റോഡുകൾക്ക് 60 ലക്ഷം രൂപ അനുവദിച്ചു. എന്റെ മണ്ഡലത്തിൽ ഒരു ഭരണകക്ഷിക്കാരൻ എഴുതിക്കൊടുത്തപ്പോൾ രണ്ടരക്കോടി രൂപ അനുവദിച്ചു. ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 27 വാർഡുകൾ എന്റെ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. ഒരു വാർഡ് കൗൺസിലർക്ക് അനുവദിച്ചത് രണ്ടരക്കോടി രൂപയാണ്. എന്റെ മണ്ഡലത്തിലായതുകൊണ്ട് ഒന്നിനേയും എതിർക്കുന്നില്ല. എല്ലാം എനിക്ക് ഭൂരിപക്ഷം ലഭിച്ച വാർഡുകളാണ്. പക്ഷേ എം.എൽ.എ.മാർക്ക് എന്ത് വിലയാണ് കൽപ്പിക്കുന്നത്? വൺടൈം പേമെന്റിൽ ഒരു റോഡുപോലും ഇതുവരെ എനിക്ക് അനുവദിച്ചിട്ടില്ല. 15 കോടി രൂപ ലഭിച്ച എം.എൽ.എ ഇവിടെ ഉണ്ട്. ഞങ്ങൾ എതിർക്കുന്നില്ല. പല എം.എൽ.എ. മാർക്കും ഒരു റോഡുപോലും നൽകിയിട്ടില്ല. ......(ബഹളം)...... ശ്രീ. പാലോട് രവി എം.എൽ.എ .യ്ക്ക് ലഭിച്ചു എന്ന് ഞാൻ പറഞ്ഞില്ല. ഫണ്ട് ലഭിച്ചവരും ഉണ്ട് എന്നാണ് പറഞ്ഞത്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ.എം. വിജയകുമാർ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ, തുകയിൽ ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ടാകാമെങ്കിലും എല്ലാവർക്കും ഒരു

പോലെ ഫണ്ട് അനുവദിച്ചിരുന്നു. ഡയറക്ടീവ് പ്രിൻസിപ്പൽസ് എങ്ങനെയാണ് നടപ്പിലാക്കുന്നത്? ഏത് മണ്ഡലത്തിലായാലും പാവങ്ങളെ സഹായിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ എമർജിങ് - വെള്ളത്തിൽ നിന്ന് പൊങ്ങിവരുന്നത് - അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നും എമർജ് ചെയ്യില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇമേജാണ് നഷ്ടപ്പെടുന്നത്. അദ്ദേഹത്തോട് എനിക്ക് യാതൊരു വിരോധവുമില്ല. ഞാനിപ്പോൾ പറഞ്ഞ് അവസാനിപ്പിക്കാം. ദേവസ്വം ബോർഡിന്റെ നിയമങ്ങൾ എടുത്തുകളയണമെന്ന കണ്ടുപിടുത്തം നടത്തി. അത് ഭരണഘടനയ്ക്ക് പറ്റിയതല്ല. ഹിന്ദുമതത്തിൽ ഇടപെടാൻ പാടില്ല. ഏത് ലോകത്താണ് ഈ മനുഷ്യർ ജീവിക്കുന്നത്? ഇന്ത്യൻ പ്രസിഡന്റ് ഒപ്പിട്ട് പാസ്സാക്കിയ നിയമം ആണ്. ഇന്ത്യൻ പ്രസിഡന്റിന്റെ മുകളിലാണ് ഭരണഘടന. ഏതോ സമുദായ നേതാക്കന്മാരുടെ ഉച്ഛിഷ്ടം ഭക്ഷിച്ചുകൊണ്ട് ചെയ്തതല്ലേ; ദൈവത്തെ തൊട്ടുകളിക്കുന്നതിന് സമാധാനം പറയേണ്ടിവരും. നിങ്ങളുടെ അന്ത്യം ദൈവത്തിൻ വകയായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി ഇ.എസ്. ബിജിമോൾ, ഈ എം.എൽ.എ-മാരൊക്കെ സാധുക്കളാണ്. ഇവിടെയിരിക്കുന്ന മന്ത്രിമാരിൽ പലരും ഭരണത്തെക്കുറിച്ച് ഒരു മന്ത്രംപോലും അറിയാത്ത ആളുകളാണ്. അവരോട് ഒരുപാട് പ്രസംഗിച്ചിട്ട് കാര്യമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, അത്യാവശ്യം പറയാനുള്ള കാര്യങ്ങൾ പറയാതെ പോകാൻ കഴിയില്ല.

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി കുടുംബക്ഷേമത്തിന്റെയുംകൂടി ചുമതലയുള്ള മന്ത്രിയാണ്. അദ്ദേഹം ഈ നിയമസഭയിൽ നടത്തിയിട്ടുള്ള ഒരു പ്രഖ്യാപ നമുണ്ട്. അതായത് 10 സെന്റ് സ്ഥലം സ്വന്തമായി കൊടുക്കാൻ തയ്യാറു ണ്ടെങ്കിൽ ഓരോ നിയോജകമണ്ഡലത്തിലും ഒരു മാതൃകാ അംഗൻവാടി നൽകുമെന്ന് പറഞ്ഞു. രേഖാമൂലം അദ്ദേഹത്തിന്റെ ലെറ്റർപാഡിൽ ലിസ്റ്റ് ചോദിച്ചു. ഞങ്ങളെല്ലാം ലിസ്റ്റ് കൊടുത്തിരുന്നു. ഇപ്പോൾ അതുസംബ ന്ധിച്ച് ഒരു വിവരവും അറിയാൻ കഴിയുന്നില്ല. ഈ സാമ്പത്തികവർഷം പഞ്ചായത്ത്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എത്ര ശതമാനം ഫണ്ടാണ് ചെലവഴിച്ചതെന്ന് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടു ണ്ടോ? ഇ.ഡി.സി-യിൽ അന്വേഷിച്ചപ്പോൾ കൊല്ലം ജില്ലയിൽ ഏഴ് ശതമാനത്തിൽ താഴെയാണ് ചെലവഴിച്ചത് എന്നറിയാൻ കഴിഞ്ഞു. പദ്ധതി വിഹിതം ചെലവഴിക്കാൻ ഈ സാമ്പത്തികവർഷം ഇനി എത്ര മാസമുണ്ട്? ഇനിയുള്ള മൂന്നുമാസംകൊണ്ട് എസ്.സി/എസ്.റ്റി വിഭാഗമുൾപ്പെടെയുള്ള വരുടെ ലക്ഷക്കണക്കിന് രൂപയുടെ ഫണ്ടാണ് ലാപ്സാകാൻ പോകുന്നത്. മുൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് നീക്കിവയ്ക്കുന്ന ഫണ്ട് വകമാറ്റി ചെലവഴിച്ചാൽ അടുത്ത വർഷം ജന റൽ സെക്ടറിൽ നിന്നും ആ ഫണ്ട് പ്രോജക്ടിൽ നീക്കിവച്ചശേഷം മാത്രമേ കാര്യങ്ങൾ ചെയ്യാൻ അനുവാദം നൽകിയിരുന്നുള്ളൂ. ഇപ്പോ ഴത്തെ സ്ഥിതി എന്താണ്? ഇത് ലാപ്സാകുകയോ വക മാറ്റി ചെലവഴി

ക്കുകയോ ചെയ്താൽ ജനറൽ സെക്ടറിൽനിന്ന് എടുക്കണം എന്നുള്ള ഒരു വ്യവസ്ഥയും ഇല്ല. അപ്പോൾ എസ്.സി/ എസ്.റ്റി സെക്ടറിൽ അനുവദിക്കപ്പെട്ടിട്ടുള്ള അലോക്കേഷൻ ചെലവഴിച്ചില്ലെങ്കിലും പ്രശ്നമൊന്നുമില്ല എന്നാണ് ഈ ഗവൺമെന്റിന്റെ ഇപ്പോഴത്തെ തീരുമാനം എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പാലോട് രവി: സർ, ശ്രീ. ജി. സുധാകരൻ വളരെ വികാരപരമായി അവതരിപ്പിച്ച ഒരു കാര്യത്തെക്കുറിച്ചാണ് പറയുന്നത്. സമുദായാചാര്യന്മാരുടെ ഉച്ഛിഷ്ടം ഭക്ഷിച്ചുകൊണ്ടാണോ മന്ത്രി പ്രവർത്തിക്കുന്നത് എന്ന് ചോദിക്കുകയുണ്ടായി. ഞാൻ ചോദിക്കട്ടെ, വളരെ നന്നായി ദേവസ്വം വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരനെ ആരുടെ ഉച്ഛിഷ്ടം ഭക്ഷിച്ചതുകൊണ്ടാണ് ആ വകുപ്പിൽ നിന്നും മാറ്റിയത്? എന്തിനാണ് ശ്രീ. ജി. സുധാകരനെ മാറ്റിയത്? ഇത്രയും വികാരപരമായി ഇങ്ങോട്ട് വിരൽ ചൂണ്ടുമ്പോൾ, ദേവസ്വംബോർഡ് ഏറ്റവും നന്നായി കൈകാര്യം ചെയ്ത, ശബരിമലയിലെ വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധ പതിപ്പിച്ച ആരുടെയും പരാതിയില്ലാത്ത മന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരനെ ആരുടെ ഉച്ഛിഷ്ടം ഭക്ഷിച്ചതുകൊണ്ടാണ് നിങ്ങൾ മന്ത്രിസ്ഥാനത്തുനിന്ന് മാറ്റിയത്? മറുപടി പറയണം. അവിടെ ദൈവം ഉണ്ടോ; അവരെ ദൈവം ശിക്ഷിക്കുമോ എന്നുള്ളത് കാലം തെളിയിക്കട്ടെ.

ശ്രീമതി ഇ.എസ്. ബിജിമോൾ: നല്ല മന്ത്രിയായിരുന്നു ശ്രീ. ജി. സുധാകരനെന്ന് അങ്ങ് ഇപ്പോഴെങ്കിലും സമ്മതിച്ചതിൽ ഞങ്ങൾക്ക്

വലിയ സന്തോഷമുണ്ട്. ചീഫ് വിപ്പേ, ഒരു മുന്നണി സംവിധാനത്തിൽ എല്ലാ കാര്യങ്ങളും യോജിപ്പിച്ചുകൊണ്ടുപോകണ്ടേ; മുസ്ലിംലീഗ് എന്ന പാർട്ടിയിലെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി അവിടെ ഇരിപ്പുണ്ട്. അദ്ദേഹത്തിന്റെ കൈ വെട്ടി, കാല് വെട്ടി, കണ്ണ് ചൂഴ്ന്നെടുത്തു, മൂക്കില്ല ഇങ്ങനെ അംഗവിച്ഛേദനം നടത്തി ഒരു മന്ത്രിയെ അവിടെ ഇരുത്തിയിരിക്കുകയല്ലേ; ആ പാവത്തിന് ആകെക്കൂടിയുള്ള സാമൂഹ്യക്ഷേമവും കൂടി തട്ടിയെടുക്കാൻ ഇവിടെ നടന്ന കലാപരിപാടികൾ ഞങ്ങൾ കണ്ടുകൊണ്ടിരുന്നതാണ്. ഇതെല്ലാം അറിഞ്ഞും കണ്ടും കേട്ടും ഇതിനൊക്കെ നേതൃത്വം കൊടുത്ത് അദ്ദേഹത്തിന്റെ മുന്നിലിരുന്ന് ഇങ്ങനെയുള്ള ചോദ്യങ്ങൾ ഞങ്ങളോട് ചോദിക്കുന്നത് എന്തൊരു മര്യാദ കേടാണ്? എന്തെങ്കിലും ഒരു സ്നേഹം ഉണ്ടെങ്കിൽ സംരക്ഷണം കൊടുക്കണം. അവസാനം കയ്യിലുണ്ടായിരുന്ന കുടുംബശ്രീ കൂടി പിച്ചിപ്പറിച്ചു കൊണ്ടുപോവുകയാണ്. ജനശ്രീയാണോ കുടുംബശ്രീയാണോ വേറെ ഏതെങ്കിലും ശ്രീയാണോ വലുത് എന്നുള്ള തർക്കമാണ് കുടുംബശ്രീയുടെ കാര്യത്തിലുള്ളത്. ഇപ്പോൾ കേന്ദ്രമന്ത്രി ശ്രീ ജയറാം രമേശ് ശ്രീയുടെ നയം വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് 'ശ്രീ' എന്ന അക്ഷരം ഉള്ളതു കൊണ്ടു മാത്രം എല്ലാം ശ്രീ ആകില്ല. കുടുംബശ്രീ പോലെ ജനശ്രീയെ പരിഗണിക്കാൻ കഴിയില്ല എന്നാണ് പറഞ്ഞത്. എന്തായാലും ശ്രീ എന്നു പറഞ്ഞതു കൊണ്ട് എല്ലാം ആകില്ല എന്ന് കേന്ദ്രമന്ത്രിയെക്കൊണ്ട് പറയിപ്പിച്ച സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട ജോസഫ് വാഴക്കൻ

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഡോ. ടി.എൻ. സീമയ്ക്ക് മറുപടി നൽകുന്നത് ഞാൻ കേട്ടതാണ്. അദ്ദേഹം പറഞ്ഞു ഞങ്ങൾ കുടുംബശ്രീയെ അംഗീകരിക്കുന്നതുപോലെ ജനശ്രീയെ അംഗീകരിക്കുന്നില്ല. ആ ശ്രീ ഞങ്ങളുടേതല്ല അത് വേറെ ആരുടേതോ ആണ് എന്നൊക്കെ പറഞ്ഞ് ലൈവായി ചർച്ചയിൽ പങ്കെടുക്കുന്നത് കേരളത്തിലെ ജനങ്ങളോടൊപ്പം കേട്ട ആളാണ് ഞാൻ. ഞങ്ങളും കുടുംബശ്രീയുടെ വക്താക്കളാണെന്നാണ് ശ്രീ. ജോസഫ് വാഴക്കൻ ചർച്ചയിൽ പറഞ്ഞത്. അങ്ങനെ അല്ലേ? ആണെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ ആ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചിട്ടുള്ളതാണ്. പക്ഷേ കുടുംബശ്രീ എന്നു പറഞ്ഞാൽ അത് നമ്മുടെ ഗവൺമെന്റിന്റെയാണ്. അത് ഞങ്ങളുടെയാണ് നിങ്ങളുടെ മാത്രമല്ല. അത് എല്ലാപേർക്കുമുള്ളതാണ്. ജനശ്രീ പോലെ നിരവധി എൻ.ജി.ഒ.കൾ നമ്മുടെ രാജ്യത്ത് ഉണ്ട്. അവരൊക്ക അപേക്ഷകൾ കൊടുക്കും. അവർക്ക് പ്രോജക്ടുകളും കിട്ടും. അത് ഞങ്ങളുടെ തലയിലേയ്ക്ക് വച്ചുകൊണ്ട് കുടുംബശ്രീ മൊത്തത്തിൽ കൊണ്ടുപോകാൻ ശ്രമിക്കരുത് എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

ശ്രീമതി ഇ.എസ്. ബിജിമോൾ: കുടുംബശ്രീ അംഗങ്ങൾ സമരം നടത്തിയപ്പോൾ ഞങ്ങൾ എല്ലാപേരും ആ സമരത്തിൽ പങ്കെടുത്തതാണ്. ശ്രീ. ജോസഫ് വാഴക്കൻ ആ സമരത്തിൽ പങ്കെടുത്തോ ഇല്ലയോ എന്നെനിക്ക് അറിയില്ല. പക്ഷേ ഞങ്ങളാരും അദ്ദേഹത്തെ കണ്ടില്ല. കുടും

ബശ്രീ അംഗങ്ങൾ സമരം നടത്തി, അതിനകത്ത് ഒരു പാർട്ടിയുമില്ല. എല്ലാ പാർട്ടിയിലുംപെട്ട ആളുകൾ ആ സമരത്തിൽ പങ്ക് ചേരുകയും നിഷ്പക്ഷരായി, രാഷ്ട്രീയത്തിനതീതമായി, അഭിവാദ്യങ്ങൾ അർപ്പിക്കുകയും ചെയ്തു. നിങ്ങൾ മാറിനിന്നുകൊണ്ട് ജനശ്രീയുടെ ആളുകൾ ആകുകയും കുടുംബശ്രീയ്ക്ക് എതിരായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു എന്ന് ജനങ്ങൾ ചിന്തിക്കുന്നതിനുള്ള ഒരു സാഹചര്യവുമാണുണ്ടായത്.

ശ്രീ. പി.സി. വിഷ്ണുനാഥ്: സമീപകാലത്ത് ഉണ്ടാകുന്ന സമരങ്ങളെല്ലാം നിങ്ങളുടെ സമര രീതികളിൽ നിന്നും വ്യത്യസ്തമായി സോഷ്യൽ ഡെമോക്രാറ്റുകളുടെ സമരരീതികളായി മാറുന്നൂവെന്നുള്ള അക്ഷേപം കമ്മ്യൂണിസ്റ്റുകാരിൽനിന്നും ഉയരുന്നുണ്ട്. അടുപ്പുകൂട്ടിയുള്ള സമരം അതിനു ശേഷം വന്നതാണ്. അതിനെതിരെ ജനയുഗത്തിൽ വിമർശിച്ചുകൊണ്ടുള്ള ലേഖനങ്ങൾ വരികയുണ്ടായി. സമരങ്ങൾ സോഷ്യൽ ഡെമോക്രാറ്റ് സമരങ്ങളായി മാറുന്നതിനെ സംബന്ധിച്ച് വിമർശനം കേൾക്കുകയുണ്ടായോ?

ശ്രീമതി ഇ.എസ്. ബിജിമോൾ: എങ്ങനെ സമരം ചെയ്യണമെന്ന് അറിയാൻ വയ്യാതെ ജനങ്ങൾ തെരുവിൽ നിൽക്കുന്ന സാഹചര്യമുണ്ട്. എം.എൽ.എ. മാർക്കും പഞ്ചായത്ത് മെമ്പർമാർക്കും പുറത്തിറങ്ങി നടക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. പുറത്തിറങ്ങിയാൽ ജനം പിടിച്ചു നിറുത്തും. ഗ്യാസ് കുറ്റിയുടെ എണ്ണം ആറായി കുറച്ചില്ലേ? ഗ്യാസ് കുറ്റി

യുടെ എണ്ണം കൂട്ടുമെന്ന് പറയുന്നുണ്ടല്ലോ? കുറ്റിയുടെ എണ്ണം കൂട്ടുന്നില്ലല്ലോ? അതുകൊണ്ടാണ് വളരെ ലഘുവായ ഭാഷയിൽ പറയുന്നത്, അടുക്കളയിൽ കലാപമുണ്ടാക്കിയും കുടുംബങ്ങളിൽ സംഘർഷമുണ്ടാക്കിയുമാണോ നിങ്ങളുടെ ഭരണത്തിന്റെ നേട്ടം?

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സാധാരണ പാവപ്പെട്ടവരൊക്കെ കഞ്ഞിയാണ് വയ്ക്കാറുള്ളത്. അടുപ്പുകൂട്ടി സമരം നടക്കുമ്പോൾ കഞ്ഞിയാണ് വയ്ക്കാറുള്ളത്. അവിടെ പായസവും കോഴിയിറച്ചിയും ആയിരുന്നല്ലോ വച്ചത്. കമ്മ്യൂണിസ്റ്റുകാരുടെ സ്റ്റൈൽ ഇപ്പോൾ ഈ നിലയിലായോ; രാജ്യം വളരുന്നുവെന്നുള്ളത് സമ്മതിച്ചല്ലോ; പായസവും കോഴി ഇറച്ചിയും ആയിരുന്നല്ലോ അവിടെ വിളമ്പുന്നത് കണ്ടത്?

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: ഇതൊക്കെ നമ്മുടെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് പറഞ്ഞതുപോലെയാണ്. അദ്ദേഹത്തിന്റെ ശിഷ്യനാകുമ്പോൾ സ്വാഭാവികമായും ശ്രീ. ജോസഫ് വാഴക്കൻ അതുതന്നെ പറയും. അദ്ദേഹം പറഞ്ഞത് ആളുകളുടെ വാങ്ങൽ കപ്പാസിറ്റി കൂടുന്നതുകൊണ്ടാണ് വിലക്കയറ്റമുണ്ടാകുന്നത് എന്നാണ്. വിലക്കയറ്റമുണ്ടായി എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ആളുകളുടെ കയ്യിലേയ്ക്ക് കൂടുതൽ പണം വരുന്നു എന്നാണ്. ഇനി ഗ്യാസ് കത്തിക്കേണ്ട, എല്ലാപേരും മരം നട്ട് ആ മരം വളർന്ന് വെട്ടാറാകുന്നതുവരെ കഞ്ഞി വയ്ക്കാതെ പട്ടിണിയിരിക്കണം മുണ്ടുമുറുക്കിയുടുക്കണം എന്നുപറയുന്ന പ്രധാനമന്ത്രിയുടെ ശിഷ്യനായി അങ്ങ് ഇത് പറഞ്ഞതിനകത്ത് യാതൊരുവിധ അത്ഭുത

വുമില്ല. മറ്റൊരു പ്രശ്നം, യു.ഡി.എഫ്-ന്റെ മദ്യനയത്തെക്കുറിച്ച് അവരുടെ മാനിഫെസ്റ്റോയിൽ പറഞ്ഞിരുന്നത് 'വർദ്ധിച്ചുവരുന്ന മദ്യപാനം സാമൂഹിക വിപത്ത് എന്ന് കരുതി നടപടി സ്വീകരിക്കും' എന്നാണ്. സാമൂഹിക വിപത്ത് എന്നു കരുതി നടപടി സ്വീകരിക്കുവാൻ യു.ഡി.എഫ്-ന്റെ ഭാഗത്തുനിന്ന് എന്തു നിലപാടാണ് എടുക്കുന്നത്; യു.ഡി.എഫ്.-ന്റെ ഹരിത എം.എൽ.എ. മാരൊക്കെ ഇവിടെ ഇരിപ്പുണ്ട്. നിങ്ങളുടെ നിലപാട് എന്താണ്? എത്ര മദ്യഷാപ്പുകൾക്ക് ലൈസൻസ് പുതുതായി കൊടുത്തുകൊണ്ടിരിക്കുന്നു, ഉൽപ്പാദിപ്പിക്കാൻ പുതിയ ബിവറേജസുകൾ അനുവദിച്ചുകൊണ്ടിരിക്കുന്നു, ബാറുകൾ അനുവദിച്ചുകൊണ്ടിരിക്കുന്നു, ഉൽപ്പാദന കേന്ദ്രങ്ങൾ അനുവദിച്ചുകൊണ്ടിരിക്കുന്നു, എന്താണ് നിങ്ങളുടെ നയം? അവിടെ നിന്ന് പീക്ക് പീക്ക് എന്നുള്ള ഒച്ചയല്ലാതെ അതിനപ്പുറം മാനിഫെസ്റ്റോയിൽ പറഞ്ഞ നയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്ത് നിലപാട് സ്വീകരിക്കുവാൻ ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്? പഞ്ചായത്തുകൾക്ക് ലൈസൻസിംഗിനുള്ള അധികാരം കൊടുക്കുമെന്ന് പറയുന്നതിനോടൊപ്പം തന്നെ കാതലായ കാര്യങ്ങൾ അതിൽ നിന്ന് എടുത്തുമാറ്റി ഒരു ജനകീയ സ്വഭാവമുണ്ട് എന്ന് വരുത്തിത്തീർത്ത്, തങ്ങളുടെ ഇഷ്ടക്കാർക്കും സിൽബന്തികൾക്കും ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള കുതന്ത്രങ്ങളാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നത്. ഇത് പഞ്ചായത്തുകളെ കൂടുതൽ കുഴപ്പത്തിലാക്കുകയും കൂടുതൽ പ്രശ്നങ്ങളിലേയ്ക്ക് തള്ളി വിടുകയും ചെയ്യും.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: എൽ.ഡി.എഫ്-ന്റെ നയം, പണ്ട് ഉണ്ടായിരുന്ന അധികാരങ്ങൾ പഞ്ചായത്തിന് കൊടുക്കണമെന്നാണോ; നായനാരുടെ കാലത്താണ് അത് ഡിലീറ്റ് ചെയ്തത്. അങ്ങയുടെ അഭിപ്രായവും മുന്നണിയുടെ അഭിപ്രായവും പഴയതുപോലെ ആദ്യത്തെ ഒറിജിനൽ ആക്ടിൽ ഉള്ളതുപോലെതന്നെ ഈ അധികാരം പഞ്ചായ ത്തിന് കൊടുക്കണമെന്നാണോ?

ശ്രീമതി ഇ.എസ്. ബിജിമോൾ: നിങ്ങളുടെ ഉള്ളിലിരിപ്പും നിങ്ങൾ പറയുന്നതും ചെയ്യുന്നതുമായി ഒരു ബന്ധവുമില്ലല്ലോ. അതുകൊണ്ടാണ് കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. വി.എം. സുധീരൻ പറഞ്ഞത് ഇത് മാഫി യകളുടെ ഭരണമാണ്, ഇവിടെ മാഫിയയാണ് ഭരിക്കുന്നത്. ഈ മാഫിയ യുടെ ഭരണത്തിന്റെ പിടിയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് തെരു വിലിറങ്ങേണ്ട സാഹചര്യമാണ് നമ്മുടെ മുന്നിലുള്ളത്. സുതാര്യമായ ഒരു ഭരണമുണ്ടെന്ന് നമുക്ക് പറയുവാൻ കഴിയാത്ത സാഹചര്യമാണ്. ആർക്കും ധൈര്യമായി പുറത്തിറങ്ങി നടക്കുവാൻ കഴിയാത്ത സാഹചര്യ മാണുള്ളത്. ഇന്നലെ ഇവിടെ ഇതേപ്പറ്റി ചർച്ച ചെയ്തതാണ്. കളക്ടറെ അടക്കം അപകടപ്പെടുത്തുന്നതിനുള്ള ശ്രമമുണ്ടാകുന്നു. ഭരണത്തിൽ ഇരിക്കുന്നവരുടെ സംരക്ഷണത്തിന്റെ കീഴിലാണ് ഗുണ്ടകളും ക്വട്ടേഷൻ സംഘങ്ങളും മാഫിയകളും അഴിഞ്ഞാടുന്നത് എന്ന് ബഹുമാന്യനായ കോൺഗ്രസ്സിന്റെ നേതാക്കന്മാർ തന്നെ പറയുമ്പോൾ അതിനെ തിരുത്തു വാൻ ഗവൺമെന്റ് തയ്യാറാകണ്ടേ? അധികാരങ്ങൾ പഞ്ചായത്തിന് ഉണ്ട്.

കൃഷി ഭവൻ പഞ്ചായത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. വിവിധതരം അധികാരങ്ങൾ ഞങ്ങൾ കൊടുക്കുവാൻ പോകുന്നൂവെന്ന് പറയുന്ന പ്രഖ്യാപനങ്ങൾക്ക് അപ്പുറം ആവശ്യമായ പണം നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുന്നില്ല എന്ന് ഉത്തരവാദിത്വപ്പെട്ട കേന്ദ്രങ്ങളിൽ നിന്നുതന്നെ പറയുമ്പോൾ അതിനെ ചെറുതായി കാണാൻ കഴിയില്ല. ഒരു സർക്കാരിന്റെ മികവ് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന വിധം സാമൂഹ്യപ്രതിസന്ധിയിൽ ഇടപെടുമ്പോഴാണ് ഒരു സർക്കാർ മികച്ചതാണെന്ന് പറയാൻ കഴിയുക. ഏത് സാമൂഹ്യ വിഷയത്തിൽ ഇടപെട്ട്, ജനങ്ങളുടെ എന്ത് പ്രശ്നങ്ങൾക്കാണ് ഈ ഗവൺമെന്റ് പരിഹാരമുണ്ടാക്കിയിട്ടുള്ളത്? മുഖ്യമന്ത്രി യോഗങ്ങൾ വിളിക്കുന്നുണ്ട്. ഇല്ല എന്ന് ഞങ്ങൾ പറയുന്നില്ല. അദ്ദേഹത്തിന്റെ അടുത്തു ചെന്ന് ഒരു പ്രശ്നം പറഞ്ഞുകഴിഞ്ഞാൽ മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരെ വിളിച്ച് ഇരുത്തി അദ്ദേഹത്തിന്റെ ചേമ്പറിൽ നടത്തുന്ന യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ താഴെ തട്ടിലേയ്ക്ക് നടപ്പിലാക്കുവാൻ കഴിയാതെ പോകുന്നൂവെന്ന് പറയുന്നതിനെ ചെറുതായി കാണരുത്. ഒരു ഭരണ പരാജയമായി കാണണം. അദ്ദേഹം പറയുന്ന 'അതിവേഗം ബഹുദൂരം' എന്ന് പറയുന്നത് ഇന്ന് മാഫിയകൾ കയ്യടക്കിയിരിക്കുകയാണ്. അതിവേഗം ബഹുദൂര ഭരണം ഇന്ന് മാഫിയയുടെ പിടിയിലാണ് എന്നുകൂടി പറയേണ്ടി വരുന്നു. മുണ്ട് മുറുക്കി ഉടുക്കാനും കയ്പ്കഷായം കുടിക്കാനും കേരളത്തിലെ ജനങ്ങളോട് പറയുമ്പോൾ വിലക്കയറ്റം മൂലം ജനങ്ങൾ കുടിക്കുന്നത് കണ്ണുനീരാണ് എന്ന തിരിച്ച

റിവ് ഉണ്ടാകണം. ഹിമാലയത്തെ വെല്ലുന്ന അഴിമതിക്കൂമ്പാരമായി ഭരണം മാറുകയാണ്. പട്ടിണിക്കാരില്ലാത്ത സംസ്ഥാനമാണ് കേരളമെന്ന് കഴിഞ്ഞ 5 വർഷക്കാലം ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ ജനങ്ങൾ അഭിമാനിച്ചുവെങ്കിൽ ഇന്ന് ആ സ്ഥിതിക്ക് വ്യത്യാസം വന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ റേഷൻ സംവിധാനങ്ങൾ അട്ടിമറിക്കപ്പെടുന്നു. കുംഭകോണങ്ങളുടെ കാല മായി ഈ ഭരണത്തെ ചരിത്രം രേഖപ്പെടുത്തും. എന്റെ പ്രമേയം ഞാൻ മൂവ് ചെയ്യുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട എ.എം. ആരിഫിന് പ്രസ്തുത പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. എ.എം. ആരിഫ്: സർ, ഇത് തത്വത്തിൽ അംഗീകരിക്കുന്നു. പക്ഷേ രാഷ്ട്രീയ പ്രബുദ്ധമായ നാട്ടിൽ നൂതന സംവിധാനത്തിൽ വോട്ട് രേഖപ്പെടുത്തി അധികാരത്തിൽ വന്നതിനുശേഷം ഓരോരുത്തരും തന്നിഷ്ടപ്രകാരം തങ്ങളുടെ രാഷ്ട്രീയ മാറ്റം സ്വാർത്ഥലാഭത്തിനായി മാറ്റുന്ന സന്ദർഭത്തിൽ പഞ്ചായത്ത് തലത്തിലുള്ള നിയന്ത്രണങ്ങൾ കൂടുതൽ കർക്കശമാക്കുന്നതിനും നിമയത്തിന്റെ പഴുതുകൾ അടയ്ക്കുന്നതിനും വേണ്ടിയുള്ള ഭേദഗതി തത്വത്തിൽ അംഗീകരിക്കാവുന്നതാണ്. ഭേദഗതി മൂവ് ചെയ്യാനുള്ള ധാർമ്മികമായ അധികാരവും അവകാശവും യു.ഡി.എഫ്-ന് ഉണ്ടോ എന്നതാണ് നാം ഇവിടെ പരിശോധിക്കപ്പെടേണ്ടത്. അങ്ങനെയൊരു ധാർമ്മികമായ അവകാശം യു.ഡി.എഫ്-ന് ഇല്ല എന്നാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള സംഭവങ്ങൾ തന്നെ തെളിയിക്കുന്നത്. ഈ സർക്കാരും കേന്ദ്ര സർക്കാരും കൂറുമാറ്റത്തേയും കാലുമാറ്റത്തേയും ഒരു കലയാക്കി വളർത്തിക്കൊണ്ടിരിക്കുകയാണ്. ആ കലയെ പരിപോഷിപ്പിച്ചുക്കൊണ്ടിരിക്കുന്ന സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പ്രതിനിധികൾക്ക് കൂറുമാറ്റത്തിന് വേണ്ടിയിട്ടുള്ള നിയമത്തിലെ പഴുതുകൾ അടയ്ക്കാനുള്ള ഭേദഗതിക്ക് ധാർമ്മിക അവകാശമില്ല. യഥാർത്ഥത്തിൽ പിറവം തെരഞ്ഞെടുപ്പിന്റെ പ്രചാരണ വേളയിലെ അന്ത്യഘട്ടത്തിൽ എത്തിയസന്ദർഭത്തിലാണ് തെരഞ്ഞെടു

പ്പിൽ തങ്ങൾക്ക് അനുകൂലമായ വിധി വരില്ല എന്ന സ്ഥിതി വിശേഷം വന്നപ്പോഴാണ് ഉമ്മൻചാണ്ടി സർക്കാർ കൂറുമാറ്റത്തിന്റെ ആദ്യപാഠം ഇവിടെ പ്രയോഗിച്ചത്. കേന്ദ്രത്തിൽ നിന്നും ഒരുപാട് കൂറുമാറ്റത്തിന്റെ പാഠങ്ങൾ ഇഷ്ടം പോലെ പഠിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഈ സഭ യിലെ അംഗമായിരുന്ന ഇടതുപക്ഷത്തുനിന്നും ജയിച്ച ശ്രീ. ആർ. സെൽവരാജിനെ പിറവം തെരഞ്ഞെടുപ്പിന്റെ വേളയിൽ തങ്ങൾക്ക് അനു കൂലമായി ജനങ്ങളുടെ മനസ്സ് മാറ്റാൻ രാജി വയ്പ്പിച്ചു. അങ്ങനെ രാജി വയ്പ്പിച്ചതുകൊണ്ട് പിറവത്തും രാജിവയ്ക്കൽ അനുകൂലമായ തരംഗ ങ്ങൾ ഉണ്ടാക്കി, അല്ലെങ്കിൽ അതിനുള്ള ചലനങ്ങൾ ഉണ്ടാക്കി. ആ ചല നത്തെ തുടർന്നാണ് വീണ്ടും നെയ്യാറ്റിൻകര മണ്ഡലത്തിൽ ഉപതെര ഞ്ഞെടുപ്പ് വന്നത്. നെയ്യാറ്റിൻകരയിൽ ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ അതിനുമുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ആർ. സെൽവരാജിനെ പ്പോലെ ഇത്ര മോശക്കാരനായ ഒരാൾ ഇല്ല എന്ന് വ്യക്തിപരമായി......... 2011-ലെ തെരഞ്ഞെടുപ്പിൽ നെയ്യാറ്റിൻകര മണ്ഡലത്തിലെ പ്രചരണ ത്തിൽ യു.ഡി.എഫ്. ഉപയോഗിച്ച പദപ്രയോഗങ്ങൾ ഒന്നും ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. വ്യക്തിപരമായി വലിയ ആക്രമണമായി രുന്നു അന്ന് ശ്രീ. ആർ. സെൽവരാജിനെക്കുറിച്ച് യു.ഡി.എഫ്.കാർ നട ത്തിയത്. അങ്ങനെയുള്ള ആക്രമണങ്ങളെല്ലാം മാറ്റിവച്ച് കോൺഗ്ര സിന്റെ ചിഹ്നവും ഖദറുമൊക്കെ കൊടുത്ത് ശ്രീ. ആർ. സെൽവരാജിനെ സ്ഥാനാർത്ഥിയാക്കി അയാളെ വിജയിപ്പിക്കുന്നതിനുള്ള പ്രചരണ

പ്രവർത്തനങ്ങൾ നടത്തി സെൽവരാജിനെ വിജയിപ്പിച്ചു. സെൽവ രാജുംകൂടി ജയിച്ചു വന്നപ്പോഴാണ് യു.ഡി.എഫ് നേരെ ശ്വാസം വിട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലെ വാതിലിലും അദ്ദേഹ ത്തിന്റെ വീടിന്റെ മുന്നിലും 'സെൽവരാജ് ഈ വീടിന്റെ നായകൻ, സെൽവരാജ് ഈ വീടിന്റെ ഐശ്വര്യം, സെൽവരാജ് ഈ വീടിന്റെ രക്ഷ കൻ' എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളാണ് ഇപ്പോൾ എഴുതിവച്ചിരിക്കു ന്നത്. അതുകൊണ്ടാണ് കാലുമാറ്റവും കൂറുമാറ്റവും കലയാക്കി വളർത്തിക്കൊണ്ടിരിക്കുന്ന യു.ഡി.എഫ്-ന് കൂറുമാറ്റത്തിന്റെ നിയമ ത്തിന്റെ പഴുതുകൾ അടയ്ക്കാൻവേണ്ടിയുള്ള ശ്രമത്തിന് ധാർമ്മിക അവ കാശമില്ലെന്ന് ഞാൻ പറഞ്ഞത്. സെൽവരാജുമാരെ കൂറുമാറ്റുന്ന നയത്തി നെതിരായി പരാതി പറയാൻ കേന്ദ്രത്തിൽ ചെന്നാലുള്ള അവസ്ഥ സ്കൂളിന്റെ വരാന്തയിൽ നിന്ന് മൂത്രമൊഴിക്കുന്ന മകനെക്കുറിച്ച് പരാതി പറയാൻ അദ്ധ്യാപകൻ വീട്ടിൽ ചെന്നപ്പോൾ അച്ഛൻ വീടിനുചുറ്റും നടന്ന് മൂത്രമൊഴിക്കുന്നത് കാണുന്ന അദ്ധ്യാപകന്റെ അവസ്ഥയാണ്. ലോക ത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണെന്നും ജനാധിപത്യ പ്രക്രിയയിൽ ഇന്ത്യ വഹിക്കുന്ന പങ്കിനെക്കുറിച്ചുമൊക്കെ നാം അഭിമാനം കൊള്ളുമ്പോൾ പാർലമെന്റ് മെമ്പർമാരെ കൂറുമാറ്റത്തിനും കാലുമാറ്റ ത്തിനും എത്രയോ തവണ വിധേയമാക്കിയ ചരിത്രം നമ്മുടെ പാർല മെന്റിനുണ്ട്. നിയമ വിദ്യാർത്ഥികൾ ഇപ്പോൾ പഠിക്കുന്ന പ്രധാനപ്പെട്ട കേസുകളാണ് **P.V. Narasimha Rao Vs State Jharkhand Mukthi**

**Morcha Case.** ജാർഖണ്ഡ് മുക്തിമോർച്ചയിൽപ്പെട്ട എം.പി മാരെ പണം കൊടുത്ത് കൂറുമാറ്റി കാലുമാറ്റം സംഘടിപ്പിച്ചാണ് പി.വി. നരസിംഹറാവു അവിശ്വാസ പ്രമേയത്തെ അതിജീവിച്ചതെന്ന് നിയമം പഠിക്കുന്ന നമ്മുടെ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. പി.വി. നരസിംഹ റാവു 251 നെതിരെ 265 വോട്ടിന് തൽക്കാലം രക്ഷപ്പെട്ടത് എം.പി മാരുടെ കൂറുമാറ്റം സംഘടിപ്പിച്ചാണ്. ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റ് നേരിട്ട വിശ്വാസ പ്രമേയത്തിന്റെ പ്രശ്നത്തിലായിരുന്നു ആ പാരമ്പര്യം പിന്നീട് തുടർന്നത്. ബി.ജെ.പി അധികാരത്തിൽ വരാതിരിക്കാൻവേണ്ടി നാലേകാൽ വർഷം ഇടതുപക്ഷം കോൺഗ്രസ് ഗവൺമെന്റിന് ഉറച്ച പിന്തുണ നൽകി. നമ്മുടെ രാഷ്ട്രീയത്തിലെ വർഗ്ഗീയ വിഷം തുപ്പുന്ന കക്ഷിയായ ബി.ജെ.പി ഈ രാജ്യം തുടർന്നു ഭരിക്കാതിരിക്കാൻ ഇന്ത്യയിലെ ഇടതുപക്ഷം സ്വീകരിച്ച ഏറ്റവും വലിയ നിലപാടായിരുന്നു അത്. അമേരിക്കയുണ്ടാക്കിയ ആണവ റിയാക്ടറുകൾ പല രാജ്യങ്ങളും വാങ്ങാതെ വന്നപ്പോൾ നമ്മുടെ രാജ്യത്തിന്റെ ഖജനാവിൽനിന്ന് മൂന്നുനാല് ലക്ഷം കോടി രൂപ മുടക്കി റിയാക്ടർ വാങ്ങാൻ അവർ നിർബന്ധം പിടിച്ചപ്പോൾ ആ നിർബന്ധത്തിനു വഴങ്ങി നാലേകാൽ വർഷക്കാലം ഉറച്ച പിന്തുണ നൽകിയ ഇടതുപക്ഷം പോനാൽ പോകട്ടും പോടാ എന്നു പറഞ്ഞ് അമേരിക്കയോട് വിധേയത്വം  കാണിക്കാൻ വേണ്ടി ഇടതുപക്ഷത്തെ വലിച്ചെറിഞ്ഞ് പാർലമെന്റിൽ വിശ്വാസപ്രമേയം അവതരിപ്പിച്ചു. 6 മാസം കഴിഞ്ഞ് നടക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം ഒരു ഗവൺമെന്റ് വരുമ്പോൾ

ആണവ കരാറിലേയ്ക്ക് പോകണോ വേണ്ടയോ എന്ന് ആ ഗവൺമെന്റ് തീരുമാനിക്കട്ടെയെന്നും നമ്മൾ തന്നെയാണ് അധികാരത്തിൽ വരുന്നതെങ്കിൽ നമുക്ക് വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കാമന്നും ഞങ്ങൾ പറഞ്ഞതാണ്. ഇതൊന്നും കേൾക്കാതെ ഇടതുപക്ഷത്തെ വലിച്ചെറിഞ്ഞ് അമേരിക്കയുടെ മുന്നിൽ തങ്ങളുടെ വിധേയത്വം തെളിയിക്കാൻ ശ്രമിച്ചു. അപ്പോൾ ഞങ്ങൾ പിന്തുണ പിൻവലിച്ചു. പിന്തുണ പിൻവലിച്ച സന്ദർഭത്തിൽ അതിനെ അതിജീവിക്കാനാണ് ഇന്ത്യൻ പാർലമെന്റിൽ വീണ്ടും കൂറുമാറ്റം സംഘടിപ്പിച്ചത്. വിവിധ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട 19 പേരാണ് കോൺഗ്രസിന് അനുകൂലമായി വോട്ട് രേഖപ്പെടുത്തിയത്. അതുമായി ബന്ധപ്പെട്ട് അമർസിംഗ് ഉൾപ്പെടെയുള്ള ആളുകളെ പ്രതിയാക്കി കോടതിയിൽ കേസ് നിലനിൽക്കുകയാണ്. അങ്ങനെ ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ കൂറുമാറ്റത്തിന് മറ്റൊരു അദ്ധ്യായം എഴുതിച്ചേർത്തു. അമേരിക്കൻ പണം ഈ കൂറുമാറ്റത്തിന് വിനിയോഗിച്ചതായാണ് മാധ്യമങ്ങൾ വെളിപ്പെടുത്തിയത്. ഈ കേസുമായി ബന്ധപ്പെട്ട് രവീന്ദർ കുമാർ, രാഷ്ട്രീയ മുക്തി മോർച്ച, സി.ബി.ഐ കോടതി മുമ്പാകെ സമർപ്പിച്ച പെറ്റീഷനിൽ ഇത് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇങ്ങനെ ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ രണ്ടാമത്തെ കൂറുമാറ്റം സംഘടിപ്പിച്ചിരിക്കുന്നു. അതുമായി ബന്ധപ്പെട്ട കേസ് നിലനിൽക്കുകയാണ്. അമേരിക്കക്കാർ നൽകിയ പണം കൊടുത്താണ് ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ മെമ്പർമാരെ വിലയ്ക്കുവാങ്ങി ജനാധിപത്യ

പ്രക്രിയ അട്ടിമറിച്ച് ഭരിച്ചത്. ആ രാഷ്ട്രീയ സംവിധാനത്തെ പിന്തുണ യ്ക്കുന്നവരും അതിന്റെ ഭാഗമായിട്ടുള്ളവരുമാണ് ലീഗിലുൾപ്പെടെയുള്ള വർ. അവരാണ് കൂറുമാറ്റത്തെക്കുറിച്ചുള്ള ഭേദഗതി മൂവ് ചെയ്തത്. നമ്മൾ ഇവിടെ നിയമസഭ ചേരുന്ന സന്ദർഭത്തിൽ ഇന്ത്യൻ പാർലമെന്റ് മറ്റൊരു വോട്ട് കച്ചവടത്തിന്റെ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. വാൾമാർട്ടിനെ ഏൽപ്പിച്ചാൽ നമ്മുടെ രാജ്യത്തിന്റെ വിലക്കയറ്റം പരിഹരി ക്കാൻ കഴിയുമെന്നാണ് കോൺഗ്രസ് പാർട്ടി കണ്ടുപിടിച്ചിരിക്കുന്നത്. സ്വാതന്ത്ര്യ സമര കാലയളവിൽ നമ്മൾ വിളിച്ച മുദ്രാവാക്യം ‘സായിപ്പ് ഇന്ത്യ വിടുക’ എന്നതായിരുന്നു. ഇപ്പോൾ ഡോ. മൻമോഹൻ സിംഗും കൂട്ടാളികളും നമ്മെ പഠിപ്പിക്കുന്ന മുദ്രാവാക്യം ‘സായിപ്പ് ഇന്ത്യയി ലേയ്ക്ക് വരിക, ഇന്ത്യയിലെ കച്ചവടം ഏറ്റെടുക്കുക’ എന്നതാണ്. നമ്മുടെ രാജ്യത്തെ പാർലമെന്റ് അംഗങ്ങളെയും രാഷ്ട്രീയ പാർട്ടി കളെയും സ്വാധീനിക്കാൻ വാൾമാർട്ട് 125കോടി രൂപ മുടക്കിയെന്ന് അമേ രിക്കൻ സെനറ്റിന് എഴുതിക്കൊടുത്ത കണക്കിൽ അവർ രേഖപ്പെടുത്തിയ തിനെച്ചൊല്ലിയാണ് ആർക്കൊക്കെയാണ് പണം കിട്ടിയത് എന്നത് സംബ ന്ധിച്ച് അന്വേഷണം നടത്താമെന്ന് പാർലമെന്റ് മുമ്പാകെ പറഞ്ഞതായി ട്ടാണ് പത്രവാർത്തകൾ സൂചിപ്പിക്കുന്നത്. എം.പി മാരിൽ ആരൊക്ക വാങ്ങിയെന്നത് അറിയാൻപോവുകയാണ്. കൂറുമാറ്റം കലയാക്കി മാറ്റു കയും വെള്ളവും വളവും ഊർജ്ജവും കൂറുമാറ്റത്തിന് നൽകുകയും

ചെയ്യുന്ന ഒരു നയത്തിന്റെ പ്രതിനിധികളാണ് ഇവരെല്ലാം. എന്നിട്ട് കൂറുമാറ്റത്തിനെതിരായി ഞങ്ങൾ വലിയ നിയമമൊക്കെ കൊണ്ടുവരുന്നു എന്ന് ഖ്യാതി പറയുമ്പോൾ ഇതെല്ലാം നാം കാണേണ്ട കാര്യങ്ങളാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, വിദേശ കുത്തകവ്യാപാരികൾ കടന്നു വരുന്നതിനെ സംബന്ധിച്ച് ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല ആശങ്ക പ്രകടിപ്പിച്ചിരുന്നു. അതേ സന്ദർഭത്തിൽത്തന്നെ ഇതുമായി ബന്ധപ്പെട്ട് പാർലമെന്റിൽ ബിൽ വന്നപ്പോൾ കേരളത്തിലെ എം.പി മാർ എങ്ങനെയാണ് വോട്ട് ചെയ്തത് എന്നതിനെ സംബന്ധിച്ച് അങ്ങേയ്ക്ക് ബോധ്യമുണ്ടെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. എ. എം. ആരിഫ്: വാൾമാർട്ടിനെ കൊണ്ടുവരുന്ന നയത്തിന് ഞങ്ങൾ എതിരാണെന്ന് കെ.പി.സി.സി പ്രസിഡന്റ് പരസ്യമായി പ്രസംഗിച്ചു നടക്കുകയാണ്. ഇവിടെ നിയമസഭയിൽ വാൾമാർട്ടുമാരെയും വിദേശ നിക്ഷേപത്തെയും നമ്മൾ ഒരുമിച്ച് എതിർക്കുകയാണ്. വാൾമാർട്ട് വന്ന് രാജ്യത്തെ രക്ഷിക്കാൻവേണ്ടി കോൺഗ്രസ് മെമ്പർമാർ പാർലമെന്റിൽ വോട്ട് ചെയ്യുകയാണ്. വാൾമാർട്ട് വന്നാൽ മാത്രമേ നമ്മളെ രക്ഷപ്പെടുത്താനാവൂ എന്ന് ബോധ്യപ്പെടുത്താൻവേണ്ടി സൃഷ്ടിക്കുന്നതാണോ ഇപ്പോഴത്തെ വിലക്കയറ്റമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും 125 കോടി രൂപ ആർക്കൊക്കെയാണ് കിട്ടിയതെന്ന് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഗ്യാസ് സിലിണ്ടറുകളുടെ എണ്ണം കുറച്ചപ്പോൾ നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രി പറയുന്നത് മരം വച്ചുപിടിപ്പിക്കണമെ

ന്നാണ്. അതിനെക്കുറിച്ച് ശ്രീമതി ഇ.എസ്. ബിജിമോൾ സംസാരിച്ചതു കൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. മരിക്കാനൊരു മരമെന്ന് കണ്ടുപിടിച്ച പ്രധാനമന്ത്രിയാണ്. ഈ നയവുമായി മുന്നോട്ട് പോയാൽ ഏറെ താമസിയാതെ തൂങ്ങിച്ചാകാനുള്ള മരം കൂടുതലായി വേണ്ടിവരും, അങ്ങനെ നാടിനുവേണ്ടി ധാരാളം മരങ്ങളും. മഹാഭൂരിപക്ഷം ഹൈന്ദവർ ഉൾപ്പെടുന്ന നമ്മുടെ രാജ്യത്ത് മരിച്ചാൽ സംസ്ക്കരിക്കാൻ മരം വേണ്ടിവരും. അങ്ങനെ മരിക്കാനൊരു മരവും സംസ്ക്കരിക്കാനൊരു മരവും എന്ന മുദ്രാവാക്യം നമുക്ക് മുമ്പിൽ പഠിപ്പിച്ചു. വാൾമാർട്ടുകാർ ഇൻഡ്യയെ രക്ഷിക്കാൻ വരട്ടെ. മരം ഒരു വരമായി, മരമായി മാറട്ടെ. നമ്മുടെ രാജ്യത്ത് ആളുകൾക്ക് മരിക്കാനുള്ള അവസരം സൃഷ്ടിക്കാൻ. ഇങ്ങനെയായി മാറുന്നു നമ്മുടെ ഭരണസംവിധാനം. ഈ നയങ്ങളെല്ലാം വച്ചുനോക്കുമ്പോൾ നമ്മുടെ രാജ്യത്തെ എങ്ങോട്ടാണ് നയിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഈ നയങ്ങളുടെ ഭാഗമാണ് നമ്മുടെ ഗവൺമെന്റും. ഇൻഡ്യാ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി ബാങ്ക് വഴി സബ്സിഡി ആനുകൂല്യങ്ങൾ കൊടുക്കാൻ തീരുമാനമെടുക്കുന്നതിനു മുമ്പായി നടപ്പാക്കിയ സർക്കാരാണ് ഇവിടെയുള്ളത്. എന്തായാലും നമ്മുടെ അമ്മൂമ്മമാർ ചെക്ക് എഴുതാൻ പഠിച്ചുതുടങ്ങിയിട്ടുണ്ട്.

<u>ശ്രീ. പാലോട് രവി</u> : സർ, വിദ്യാർത്ഥികൾക്ക് ചരിത്രപാഠമാണ് നിയമസഭ. അതുപോലെ നമ്മുടെ കാലുമാറ്റത്തെക്കുറിച്ചൊക്കെ പറഞ്ഞു. കേരളത്തിൽ നടന്ന ഏറ്റവും വലിയ കാലുമാറ്റം ശ്രീ. ലോനപ്പൻ നമ്പാ

ടനെ മാറ്റി അപ്പുറത്തുകൊണ്ടുപോയി ഒരു ഗവൺമെന്റിനെ മറിച്ചിട്ടതാണ്. കെ. കരുണാകരന്റെ ഗവൺമെന്റിനെ മറിക്കുന്നതിന് അന്നത്തെ ഇടതുപക്ഷം ശ്രീ. ലോനപ്പൻ നമ്പാടനെ കാലുമാറ്റി അപ്പുറത്തുകൊണ്ടുപോവുകയും മന്ത്രിയാക്കുകയും പാർലമെന്റ് മെമ്പറാക്കുകയും ചെയ്ത ചരിത്രസത്യവും അതിനുള്ള ബാലപാഠമാണ്. അങ്ങ് ഒരു വിഭാഗത്തെക്കുറിച്ച് പറഞ്ഞു. ഇതൊക്കെ ചരിത്ര സത്യങ്ങളാണ്. കാലുമാറ്റം ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രമുള്ളതല്ല. കേരളത്തിൽ മാർക്സിസ്റ്റ് പാർട്ടിയടക്കമുള്ള മുന്നണി കാലുമാറ്റത്തെ പ്രോത്സാഹിപ്പിച്ചതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഒരു ഗവൺ മെന്റിനെ മറിച്ചിട്ടത്. ഇപ്പുറത്തിരുന്ന ആളിനെ കൂറുമാറ്റത്തിലൂടെ അപ്പുറത്തുകൊണ്ടുപോയി വോട്ട് ചെയ്യിപ്പിച്ച് അടുത്ത ഇലക്ഷനിൽ മന്ത്രിയും അതിനടുത്ത ഇലക്ഷനിൽ പാർലമെന്റ് മെമ്പറുമാക്കി. കേരളത്തിൽ അതിനേക്കാൾ വലിയ ചരിത്രസത്യമുണ്ടോ? അതല്ലേ നമ്മുടെ ചരിത്ര വിദ്യാർ ത്ഥികൾ പഠിക്കാൻ പോകുന്നത്.

ശ്രീ. എ. കെ. ബാലൻ : ശ്രീ. ലോനപ്പൻ നമ്പാടൻ ഐക്യജനാധിപത്യമുന്നണിയിൽ നിന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലേയ്ക്ക് വന്ന ആളാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട കാര്യം കേവലം വിലവർദ്ധനവുമായി മാത്രം ബന്ധപ്പെട്ടു കൊണ്ടുള്ളതല്ല. വില നിയന്ത്രിക്കാനുള്ള അധികാരം പാർലമെന്റിന് വേണ്ടെന്ന് പറയുന്ന പ്രധാനമന്ത്രിയാണ് നിർഭാഗ്യവശാൽ ഇന്ന് നമുക്കുള്ളത്. ഇതിന്റെ അർത്ഥം ഇൻഡ്യൻ ജനാധിപത്യത്തോടുള്ള ഒരു വെല്ലുവി

ളിയാണ്. ഇൻഡ്യാരാജ്യത്തെ മാവോയിസ്റ്റുകളും ഇതുതന്നെയാണ് പറയുന്നത്. വിലനിയന്ത്രിക്കാനുള്ള അധികാരം നമുക്ക് വേണ്ടെന്ന് ബഹു. പ്രധാനമന്ത്രി പറഞ്ഞതിന്റെ ഭാഗമായി ഉണ്ടായത് ഇൻഡ്യൻ പാർലമെന്ററി സിസ്റ്റത്തോടുള്ള വെല്ലുവിളിയാണ്. അതുകൊണ്ട് ഇത് കേവലം വിലവർദ്ധനവിന്റെ പ്രശ്നമല്ല, ഇൻഡ്യാരാജ്യത്തെ പാർലമെന്ററി സിസ്റ്റത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള ഭാഗം ഇതിലുണ്ടെന്ന് കൂടി ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കിയിട്ടുണ്ടോ?

<u>മി. ചെയർമാൻ</u>: ശ്രീ. എ. എം. ആരിഫ് ................

<u>ശ്രീ. എ. എം. ആരിഫ്</u> : അങ്ങേയ്ക്ക് ഞാൻ വഴങ്ങി. അങ്ങ് പറഞ്ഞത് ഞാൻ കേട്ടു..........എനിക്ക് സമയമില്ലാത്തതുകൊണ്ടാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : കേരളത്തിൽ കൂറുമാറ്റത്തിന് തുടക്കം കുറിച്ചത് 1957-ലെ ഗവൺമെന്റിനെ അട്ടിമറിക്കാൻ വേണ്ടിയാണെന്നറിയാമോ; 1957 നവംബർ മാസം 13-ാം തീയതി കാട്ടാക്കട ബാലകൃഷ്ണപിള്ളയ്ക്ക് ഒരു ലക്ഷം രൂപ കൊടുത്ത് ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ അട്ടിമറിക്കാൻ കോൺഗ്രസ് നടത്തിയ ഗൂഢാലോചന അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. എം. ആരിഫ്</u> : കാലുമാറ്റവും കൂറുമാറ്റവും കലയാക്കി കൊണ്ടുനടക്കുന്ന ഒരു പാർട്ടിയുടെയും മുന്നണിയുടെയും ഭാഗമായി നിന്നുകൊണ്ടാണ് കൂറുമാറ്റത്തെക്കുറിച്ചുള്ള ഭേദഗതി വന്നതെന്നാണ് ഞാൻ പറഞ്ഞുവന്നത്. സമയമില്ല........

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ..........

ശ്രീ. കെ. രാജു : സർ, മലയാളത്തിന്റെ വിശ്വമഹാസമ്മേളനം തിരുവനന്തപുരത്ത് നടന്നത് അറിഞ്ഞുകാണുമല്ലോ. നമ്മുടെ സാംസ്കാരിക വകുപ്പുമന്ത്രി മിക്കവാറും പ്ലാറ്റ്ഫോമുകളിൽ പോയി മാപ്പ് പറയുകയായിരുന്നു. കുറെ ദിവസം അദ്ദേഹത്തിന്റെ ജോലി എന്നുപറയുന്നത് മാപ്പ് പറയുകയെന്നുള്ളതായിരുന്നു. ഈ മാപ്പ് സമ്മേളനത്തിന്റെ ഉത്തരവാദി തിരുവനന്തപുരം ജില്ലയിലെ ഒരു താടി വച്ച എം.എൽ.എ. ആണെന്ന് ഒരു പത്രത്തിൽ വാർത്ത വന്നു. ശ്രീ. പി. ശ്രീരാമകൃഷ്ണൻ എഴുന്നേൽക്കേണ്ട കാര്യമില്ല. അതോടൊപ്പം തിരുവനന്തപുരം പട്ടണത്തിലെ എം.എൽ.എ. മാരായിട്ടുള്ള ശ്രീ. കെ. മുരളീധരൻ, ശ്രീ. എം.എ. വാഹീദ്, ശ്രീ വി. ശിവൻകുട്ടി തുടങ്ങിയവരെയൊന്നും വേദിയിലെങ്ങും കണ്ടതുമില്ല. ഈ ചരിത്രസത്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വന്നിരുന്നോ?

ശ്രീ. എ. എം. ആരിഫ് : അത്തരത്തിലുള്ള ധാരാളം മായാജാലങ്ങൾ അപ്പുറത്ത് നടക്കുന്നുണ്ട്. മായാവതി തന്നെ തുണയ്ക്കുകയും ചെയ്യുന്നതിന്റെ ഫലമായി രക്ഷപ്പെടുന്ന കേന്ദ്ര ഗവൺമെന്റിന്റെ തന്നെ ഭാഗമല്ലേ.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ..........

ശ്രീ. എ. എം. ആരിഫ് : സർ, ഞാൻ ചുരുക്കുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ഇതുമായി ബന്ധപ്പെട്ടതല്ല. അങ്ങ് വാൾമാർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇവിടെ പറഞ്ഞു. വാൾമാർട്ട് ഒരുപാട് വികസിത രാഷ്ട്രങ്ങളിൽ അതിന്റെ നേട്ടങ്ങളും

കോട്ടങ്ങളും പറഞ്ഞു. ഇവിടെ ഇടതുപക്ഷത്തുള്ള എം.എൽ.എ. മാരടക്കം ഞങ്ങൾ ഒന്നിച്ച് വാൾമാർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ കണ്ടതാണ്. ചൈന പോലുള്ള കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ വാൾമാർട്ട് വ്യാപകമായിട്ടുണ്ടെന്ന് മാത്രമല്ല, 50 കിലോമീറ്റർ ദൂരത്തിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രത്തിൽ പോയി, പച്ചക്കറിയുടെ വിപണി എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് ചോദിച്ചപ്പോൾ ഞങ്ങൾ വാൾമാർട്ടിന് കൊടുക്കും വാൾമാർട്ട് ജനങ്ങൾക്ക് നൽകുമെന്നാണ് അവിടെ നിന്നും നമുക്ക് കിട്ടിയ മറുപടി. അതിന് അപ്പുറത്തുള്ള എം.എൽ.എ. മാരും സാക്ഷികളാണെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u> : അങ്ങനെയാണെങ്കിൽ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ വാൾമാർട്ട് വേണമെന്ന് വാദിക്കണ്ടേ? .........(ബഹളം)............

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ..........

<u>ശ്രീ. എ. എം. ആരിഫ്</u> : വാൾമാർട്ട് വേണ്ടെന്ന് പറയുന്നവരുടെ കൂട്ടത്തിൽ എന്താണ് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും പാർട്ടിയും നിൽക്കുന്നത്. നമ്മുടെ രാജ്യത്തും ലോകത്തുമുള്ള അനുഭവങ്ങൾ പഠിച്ചിട്ടാണ് നേതാക്കന്മാരും നമ്മുടെ സംസ്ഥാനത്തിൽ ഉണ്ടാകുന്ന പ്രത്യാഘാതം എന്താണെന്ന് മനസ്സിലാക്കിയിട്ടല്ല പറയുന്നത്. പക്ഷേ വാൾമാർട്ടിന്റെ ലോബിയും കപ്പാസിറ്റിയും എന്താണെന്ന് അവർ തന്നെ വെളിപ്പെടുത്തിയില്ലേ. 125 കോടി രൂപ കൈപ്പറ്റിയവരിൽ നമ്മുടെ

ഇൻഡ്യാക്കാരുണ്ടെന്ന് വെളിപ്പെടുത്തിയില്ലേ. ആരാണെന്ന് കണ്ടുപിടിക്കുന്ന കൂട്ടത്തിൽ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ പേര് വരാതിരിക്കാൻ നോക്കണം. അത്രയേ എനിക്ക് പറയാനുള്ളു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ,.......12.30-ന് അവസാനിപ്പിക്കണം.

ശ്രീ. എ. എം. ആരിഫ് : തദ്ദേശ സ്വയംഭരണ വകുപ്പിനെക്കുറിച്ച് എനിക്ക് പിന്നാലെ വരുന്നവരെല്ലാം ചർച്ച ചെയ്യും. അതിന്റെ പ്രവർത്തനം മൂന്നായി മുറിച്ചതിൽ മൂന്നിലൊന്നും കൊണ്ടദ്ദേഹം ഇരിക്കുന്ന അവസ്ഥയാണ്. മൂന്നിലൊന്നിന്റെ ഭാഗമായിരിക്കുന്ന അദ്ദേഹത്തിനെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെന്ന് വിളിക്കാറില്ല. പഞ്ചായത്തുവകുപ്പുമന്ത്രിയെന്നാണ് അദ്ദേഹത്തെ വിളിക്കുന്നത്. ഉള്ളതുകൊണ്ട് ഓണം പോലെ അതിൽ അദ്ദേഹം സന്തുഷ്ടനായി കഴിയുകയാണ്. പക്ഷേ, നമ്മുടെ നാട്ടിൽ കൃഷി ഇല്ലാതാക്കി. അതുസംബന്ധിച്ചുള്ള അന്തർദേശീയ മേഖലകളെല്ലാം വെട്ടിക്കുറച്ച് നിങ്ങളുടെ ഇഷ്ടം പോലെ നടത്തിക്കോ എന്നുപറഞ്ഞതോടുകൂടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരെല്ലാം നല്ല കാറുകളൊക്കെ വാങ്ങി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിക്കും മറ്റുമൊക്കെയുള്ള........അതായിരുന്നു കേരളത്തിന്റെ പച്ചപ്പ്. ആ പച്ചപ്പ് ഇല്ലതാക്കിയിട്ട് പച്ച കോട്ട് പുതച്ചതുകൊണ്ടോ, പച്ചക്കൊടി വച്ചതുകൊണ്ടോ നമ്മുടെ നാട്ടിൽ പച്ചപ്പ് ഉണ്ടാകില്ല. നമ്മുടെ നാടിന്റെ പച്ചപ്പിനെ സംരക്ഷിക്കണം. അല്ലാതെ എന്ത് പച്ചപ്പ് ചെയ്താലും നമ്മുടെ നാടിന്റെ ഹരി

താപഭംഗിയെ നമുക്ക് സംരക്ഷിക്കാൻ കഴിയില്ല. അതിനുവേണ്ടി, അങ്ങ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെന്ന പേരിലും പഞ്ചായത്ത് വകുപ്പു മന്ത്രി ആണെങ്കിലും കാർഷിക മേഖലയ്ക്ക് ആവശ്യമായ വിഹിതം നീക്കിവയ്ക്കണമെന്നെങ്കിലും അങ്ങ് ശഠിക്കണം. അത് നടപ്പാക്കണം. അങ്ങനെ നമ്മുടെ കേരളത്തിന്റെ പച്ചപ്പ് സംരക്ഷിക്കാനാണ് ഭാവഗായക നായ അങ്ങ് ശ്രമിക്കേണ്ടത്. നമ്മുടെ നാട്ടിൽ വീടില്ല. അങ്ങ് തന്ന മറുപടി ഇവിടെ ഇരിക്കുകയാണ്. ഒരു ലക്ഷത്തോളം വീട് നിർമ്മിച്ചു. അതിലധികം വീടുകൾ നിർമ്മാണ പുരോഗതിയിലാണ്.

'പാമ്പുകൾക്ക് മാളമുണ്ട്,
പറവകൾക്കാകാശമുണ്ട്
മനുഷ്യപുത്രന് തലചായ്ക്കാൻ
മണ്ണിലിടമില്ല'

എന്ന് കവി പാടിയ നാട്ടിൽ മണ്ണിൽ ഇടമുണ്ടെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി തെളിയിച്ചപ്പോൾ ഇ.എം.എസ്. ഭവന പദ്ധതി പോലും നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊളിച്ചടുക്കി വീടില്ലാത്ത പരുവത്തിലാക്കി. നിങ്ങളുടെ ഭരണത്തിൻ കീഴിൽ ഇങ്ങനെ ഓരോന്നോരോന്നായി ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ശക്തിപ്പെടുത്താൻ നമ്മുടെ നാട്ടിൽ ധാർമ്മിക മൂല്യങ്ങൾ, രാഷ്ട്രീയ മൂല്യങ്ങൾ സംരക്ഷിക്കപ്പെടാൻ ഭേദഗതികൾ കൊണ്ടുവരുന്നതുകൊള്ളാം. പക്ഷേ, ആ ഭേദഗതികൾ മൂവ് ചെയ്യാനുള്ള ധാർമ്മികമായ അവകാശമില്ലാത്ത ഭരണ സംവിധാനത്തിന്റെ ഭാഗമാണ്

അങ്ങ് എന്ന് പറയാതിരിക്കാൻ നിർവ്വാ ഹമില്ല. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. ജോസഫ് വാഴക്കൻ : സർ, കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ അവതരിപ്പിച്ചുകൊണ്ട് ഡോ. എം. കെ. മുനീർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഈ പ്രമേയത്തെക്കുറിച്ച് ആർക്കും കാര്യമായ എതിർപ്പുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. സത്യത്തിൽ നിരാകരണ പ്രമേയം എന്നുപറഞ്ഞുകൊണ്ടൊരു പ്രമേയം, പ്രതിപക്ഷത്തിനുള്ള ഒരവകാശം ഉപയോഗിച്ചുകൊണ്ട് ഇതുമായി ബന്ധമില്ലാത്ത കുറേ കാര്യങ്ങൾ ഇവിടെ സംസാരിച്ചുവെന്നല്ലാതെ ഇത് എന്തുകൊണ്ട് നിരാകരിക്കണമെന്ന് ഒരു വാക്കുപോലും ഇവിടെ ആരും പറഞ്ഞിട്ടില്ല. ഈ പ്രമേയത്തെ തത്വത്തിൽ എല്ലാപേരും ഒരുപോലെ അംഗീകരിക്കുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. എ. എം. ആരിഫ് അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയപ്പോൾത്തന്നെ പറഞ്ഞു, ഇതിനെ ഞങ്ങൾ തത്വത്തിൽ അംഗീകരിക്കുന്നു, പിന്നെ ഈ നിരാകരണ പ്രമേയം വെറുതേ ഞങ്ങൾ അവതരിപ്പിക്കുന്നുവെന്നേയുള്ളൂ എന്ന്. അതുകൊണ്ട് ഈ ബില്ലിൽ ആർക്കും കാര്യമായ എതിർപ്പുണ്ടെന്ന് ഞാൻ വിശ്വാസിക്കുന്നില്ല. മാത്രവുമല്ല, ഇന്ന് ഉച്ചയ്ക്ക് 12.30 മണിക്ക് വിലക്കയറ്റവുമായി ബന്ധപ്പെട്ട് സഭ ഒന്നടങ്കം ഒരുപോലെ ചർച്ച ചെയ്യുകയാണ്. ഇന്ന് ഈയൊരു ചരിത്ര മുഹൂർത്തത്തിൽ ഈ നിയമസഭയിൽ സംസാരിച്ചുകൊണ്ടിരിക്കാനൊരു ഭാഗ്യം എനിക്ക് കിട്ടി......

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഒരു നൂറ്റാണ്ടിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന സമയം കടന്നുപോവുകയാണ്. 12-12-12, 12 മണി 12 മിനിട്ട് 12 സെക്കന്റ്. ഈ സമയത്ത് ഈ സഭയിൽ നമുക്കെല്ലാവർക്കും കൂടിച്ചേരാൻ സാധിച്ചതിൽ സന്തോഷം പ്രകടിപ്പിക്കുകയാണ്. ഈ സമയത്ത് ഈ സഭയെ അഭിസംബോധന ചെയ്യുവാനുള്ള അവസരമുണ്ടായതിൽ അങ്ങയേയും അഭിനന്ദിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ, 100 വർഷത്തിലൊരിക്കൽ ലഭിക്കുന്ന ഒരു അപൂർവ്വ സന്ദർഭമാണിത്. ഈ സമയത്ത് നമുക്കെല്ലാം ഈ നിയമസഭയിലിരിക്കാൻ അവസരം കിട്ടിയത് വളരെ ഭാഗ്യമാണ്. ശ്രീ. ജോസഫ് വാഴക്കന് സംസാരിക്കാനുള്ള അവസരം കിട്ടിയതും ഭാഗ്യമാണ്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാനൊരു ദൈവ വിശ്വാസിയായതുകൊണ്ട് ഇതൊരു ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു. അങ്ങേയ്ക്കും ഈ സമയത്ത് ചെയറിലിരിക്കാനുള്ള ഭാഗ്യമുണ്ടായി. സാധാരണ എപ്പോഴും കിട്ടുന്നതല്ലല്ലോ. എന്തായാലും ചരിത്രമൂഹൂർത്തത്തിൽ സംസാരിക്കാൻ ഒരു ഭാഗ്യമുണ്ടായതിൽ പ്രത്യേകമായി നന്ദി പറയുന്നു. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെ സംബന്ധിച്ച് പ്രായോഗികമായി കൂറുമാറ്റ നിരോധന നിയമവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വ്യവഹാരങ്ങളുടെ ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നിപ്പോൾ നമ്മൾ അവതരിപ്പിക്കുന്ന ഈ ഭേദഗതി

കൊണ്ട് നൂറുശതമാനം പെർഫെക്ടായിട്ടുള്ള ഒരു നിയമമായി തീർന്നു എന്ന് ഞാൻ വിശ്വസിക്കുന്നില്ല. 75-80 ശതമാനം വരെ കൂറുമാറ്റത്തെ തടഞ്ഞുനിറുത്താനും ഫലപ്രദമായി നേരിടാനും ഇന്നത്തെ ഭേദഗതികൊണ്ട് കഴിയുമെന്നുള്ളത് ഞാൻ സമ്മതിക്കുകയാണ്. എങ്കിലും ചില കാര്യങ്ങളിൽക്കൂടി ക്ലാരിറ്റി വരുത്തേണ്ടതുണ്ട്. 1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ടിന്റെ ഭേദഗതിയാണിത്. ആ ആക്ടിൽ അന്ന് നമുക്ക് കുറേയധികം കൂറുമാറ്റം നിരോധിക്കാൻ കഴിഞ്ഞു. അതിനുമുമ്പ് കേരളത്തിലെ പഞ്ചായത്തുകൾ മുഴുവൻ ഒന്നിനും ഒരു സ്ഥിരതയില്ലായിരുന്നു. ഏതുനിമിഷത്തിലാണ് ആരെയാണ് വലിച്ച് താഴെയിടുന്നതെന്ന് അറിയില്ലായിരുന്നു. ആർക്കും ആരോടും ഒരു ബാധ്യതയുമില്ലാതിരുന്ന ഒരു കാലഘട്ടമായിരുന്നു. അങ്ങനെ അത് അനിയന്ത്രിതമായി മാറിയ സാഹചര്യത്തിലാണ് എല്ലാപേരും കൂടി ആലോചിച്ച് 1999-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽത്തന്നെ ഈ നിയമം ആദ്യമായി പാസ്സാക്കുന്നത്. പക്ഷെ അതിന് ഒരുപാട് പോരായ്മകളുണ്ടായിരുന്നു. അന്ന് ഈ നിയമം പാസാക്കുമ്പോൾ ഒരോ പഞ്ചായത്തിലും അവിടത്തെ കക്ഷി നേതാക്കന്മാർ അല്ലെങ്കിൽ പഞ്ചായത്തുകളിലെ പാർലമെന്ററി പാർട്ടി, യോഗം ചേർന്ന് ഒരു നേതാവിനെ തെരഞ്ഞെടുത്ത്, ഒരു വിപ്പിനെ തെരഞ്ഞെടുത്ത്, നേതാവ് കൊടുക്കുന്ന വിപ്പ് എന്നൊക്കെപ്പറഞ്ഞുകൊണ്ടുള്ള ആദ്യ നിയമവും റൂൾസും വന്നു. ആ നിയമത്തിലും ഒരുപാട് പ്രശ്നങ്ങൾ വന്നു. ആരാണ് നേതാവ്, ഈ

നേതാവിനെ ആരാണ് തെരഞ്ഞെടുക്കുന്നത്, എന്ത് തെരഞ്ഞെടുപ്പ്, ഇതിന്റെ മിനിറ്റ്സ് എവിടെയാണ്, മിനിറ്റ്സിൽത്തന്നെ കള്ളത്തരം കാണിക്കാൻ തുടങ്ങി. അങ്ങനെയുള്ള ധാരാളം പ്രായോഗിക പ്രശ്നങ്ങൾ വന്നു. പല കേസും ഇലക്ഷൻ കമ്മീഷന്റെ മുന്നിൽ പോയപ്പോൾ യഥാർത്ഥത്തിൽ കൂറുമാറ്റം നടത്തിയവർപോലും രക്ഷപ്പെടുന്ന സാഹചര്യമുണ്ടായി. അങ്ങനെയൊരു സാഹചര്യത്തിലാണ് നമ്മളെല്ലാവരും കൂടി ആലോചിച്ച് ഇക്കാര്യത്തിൽ ഒരു വ്യക്തത വരുത്താൻ തീരുമാനിച്ചത്. ആ വ്യക്തതയുടെ ഭാഗമായി ഒരു തെരഞ്ഞെടുപ്പിൽ ഒരാൾക്ക് സ്ഥാനാർത്ഥിയായി മത്സരിക്കാനുള്ള ചിഹ്നം അലോട്ട് ചെയ്യുന്നത് ആരാണോ അവർക്ക് വിപ്പ് കൊടുക്കാനുള്ള അധികാരമുണ്ട് എന്നു പറഞ്ഞ് യു.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ ഒരു നിയമ മാറ്റം വരുത്തി. എൽ.ഡി.എഫ് അധികാരത്തിൽ വന്നപ്പോൾ വീണ്ടും അത് തിരുത്തി. ശ്രീ. എ. എം. ആരിഫ് ഇവിടെ കൂറുമാറ്റത്തെക്കുറിച്ച് ഒരുപാട് പ്രസംഗിച്ചു. ഒരു കാര്യം വളരെ വ്യക്തമായിരുന്നു. അന്ന് എൽ.ഡി.എഫ് ആ നിയമത്തിൽ വെള്ളം ചേർക്കാൻ ശ്രമിച്ചതെന്തിനാണെന്ന് ചോദിച്ചാൽ കൂറുമാറ്റത്തിനു തന്നെയാണ്. കൂറുമാറ്റിതന്നെയാണ് കേരളത്തിലെ നിരവധി മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും കോർപ്പറേഷനുകളും....... ഇവിടെ ശ്രീ. ശിവൻകുട്ടി ഉൾപ്പെടെയുള്ള ആളുകളിരിപ്പുണ്ട്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണം നടത്തിയിട്ടുള്ള കാര്യം നിങ്ങളാരും വിസ്മരിക്കേണ്ട. അതിനകത്തുള്ളവർ ഇപ്പോൾ മാന്യൻമാരും പുണ്യാ

ളൻമാരുമായി ചമഞ്ഞുനിന്നുകൊണ്ടുള്ള പ്രസംഗങ്ങൾ ഒട്ടും ശരിയല്ല. അത് വളരെ അരോചകമായിട്ടാണ് എനിക്ക് തോന്നിയത്. രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിറുത്തുകയും അവർക്കുവേണ്ടി പാർട്ടിയുടെ നയത്തോടുള്ള യോജിപ്പിന്റെ അടിസ്ഥാന ത്തിൽ ജനങ്ങൾ വോട്ടു ചെയ്ത്......

ശ്രീ. സി. പി. മുഹമ്മദ്: സർ, ഇവിടെ കൂറുമാറ്റത്തിന് വേണ്ടിയാണ് സി.പി.ഐ.(എം)ന്റെ ഭരണം ആ ആക്ട് ഭേദഗതി ചെയ്തത്. പക്ഷെ ഈ മാറ്റം കൊണ്ടും സമയബന്ധിതമായി കൂറുമാറിയവർക്ക് ശിക്ഷ കൊടു ക്കാൻ കഴിയുന്നില്ല. ഒറ്റപ്പാലം മുനിസിപ്പാലിറ്റി കാലുമാറി മറിച്ചിട്ടിട്ട് മാസ ങ്ങൾ കഴിഞ്ഞു. ഇലക്ഷൻ കമ്മീഷനിൽ കേസ് കൊടുത്തുകഴിഞ്ഞാൽ അതിനൊരു തീരുമാനമുണ്ടാകാൻ മാസങ്ങളും വർഷങ്ങളുമെടുക്കും. ഇത്തരത്തിൽ വിപ്പ് കൊടുത്ത ആളുകളുടെ ആ വിപ്പ് ലംഘിച്ചുകൊണ്ട് വോട്ട് ചെയ്തവർക്ക് പരമാവധി ഒരു മാസത്തിനുള്ളിൽ ഒരു തീരുമാനമു ണ്ടാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ ഈ ഭേദഗതി കൊണ്ട് പ്രയോജനമില്ലാ യെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ജോസഫ് വാഴക്കൻ: തീർച്ചയായും അറിയാം. ഞാൻ അത് ആദ്യം തന്നെ സൂചിപ്പിച്ചതാണ്. 80 ശതമാനം മാത്രമേ ഈ ഭേദഗതി കൊണ്ട് കൂറുമാറ്റം തടഞ്ഞുനിറുത്താൻ കഴിയുകയുള്ളൂ. 20 ശതമാനം കൂടി ക്ലാരിറ്റി വരുത്തേണ്ടതായിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽപ്പോയി ഇതിന്റെ ഫൈനൽ ബിൽ വരുമ്പോഴേയ്ക്കും അത്തരം കാര്യങ്ങൾ കൂടി

ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭ്യർത്ഥന. പഞ്ചായത്തുകളിലാണെങ്കിലും മുനിസിപ്പാലിറ്റികളിലാണെങ്കിലും കാലുമാറുന്ന ആളുകളെ ചെയർമാനോ പ്രസിഡന്റോ ആക്കാമെന്ന ഓഫറിലാണ് കാലുമാറ്റുന്നത്. ഇവർ കാലുമാറി പ്രസിഡന്റോ ചെയർമാനോ ആയി ഭരണം തുടങ്ങി രണ്ട് വർഷം കഴിയുമ്പോഴായിരിക്കും ചിലപ്പോൾ ഇതിന്റെ വിധി വരുന്നത്. അപ്പോൾ രണ്ട് വർഷം അവൻ ചെയർമാനായി കഴിയും. അപ്പോൾ അവന് സന്തോഷമായി, കാരണം അവൻ അത്രയേ ആഗ്രഹിക്കുന്നുള്ളൂ. അതുകഴിഞ്ഞ് പിന്നെ വിധിവന്ന് അവനെ അയോഗ്യനാക്കിയാലും അവന് പ്രശ്നമൊന്നുമില്ല. കാരണം അവൻ അടുത്ത വർഷം മത്സരിക്കുന്നുണ്ടാവില്ല. രണ്ടുവർഷക്കാലത്തേയ്ക്ക് അവിടത്തെ മുനിസിപ്പൽ ചെയർമാനോ പഞ്ചായത്ത് പ്രസിഡന്റായിരിക്കുകയോ ചെയ്താൽ അവന് അത് സന്തോഷമാകും. കാലുമാറിക്കഴിഞ്ഞ ഉടനെതന്നെ കാലുമാറുന്ന ആളുതന്നെയാണ് ചെയർമാനാകുന്നത്. അതുകൊണ്ട് ആ കാര്യത്തിന് ഒരു പ്രധാനപ്പെട്ട ക്ലാരിറ്റി വരുത്തണം. കാലുമാറുന്ന ഒരാളെ ത്തന്നെയാണ് ചെയർമാനായി നിശ്ചയിക്കുന്നതെങ്കിൽ അതിന് സെക്രട്ടറിക്ക് ഒരു അധികാരം കൊടുക്കണം. ഇലക്ഷൻ കമ്മീഷന്റെ തീരുമാനത്തിന് വിധേയമായി മാത്രമേ അദ്ദേഹത്തിന്റെ ആ സ്ഥാനത്തിന് സാധ്യതയുള്ളൂവെന്ന് പറയണം.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: ഒരാൾ കാലുമാറി എന്ന് തെളിയിക്കാൻ കോടതിയിൽ പോകേണ്ട ആവശ്യമില്ല. ആരാണ് വിപ്പ് കൊടുത്തത്; ആ

വിപ്പ് ലംഘിച്ചു എന്ന് ബോധ്യം വരാനെന്തിനാണ് കോടതിയിൽ പോകുന്നത്; അത് അവിടത്തെ സെക്രട്ടറിക്കോ, പരമാവധി ഡി.ഡി.പി.ക്കോ തീരുമാനിക്കാവുന്നതേയുള്ളൂ. ഇത് കോടതി നടപടികളുമായിപ്പോയി വർഷങ്ങൾ കഴിഞ്ഞ് നീട്ടിക്കൊണ്ടുപോകുകയാണ്. പിന്നെ ഈ ആക്ട് ഭേദഗതി ചെയ്യുന്നതുകൊണ്ട് എന്താണ് ഗുണം?

ശ്രീ. ജോസഫ് വാഴക്കൻ: സെക്രട്ടറി എന്ന ഒരു ഉദ്യോഗസ്ഥനിലേയ്ക്ക് പൂർണ്ണമായ അധികാരങ്ങൾ വിട്ടുകൊടുക്കുന്നതിനെക്കുറിച്ച് ഒരു സന്ദേഹമുള്ളതുകൊണ്ട് കുറച്ചുകൂടെ നീതിപൂർവ്വമായ ഒരു തീരുമാനമുണ്ടാകട്ടെ എന്നു കരുതിയാണ് ഞാൻ ഇത് സൂചിപ്പിച്ചത്. പക്ഷെ ഇഫക്ടീവ് ആകണമെങ്കിൽ കൂറുമാറി എന്ന് ബോധ്യപ്പെടുന്ന ഒരാളിന് സ്ഥാനാർത്ഥിയാകാൻ പാടില്ല എന്നൊരു തീരുമാനമുണ്ടാകണം.

ശ്രീ. കെ രാജു: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജയിച്ചുവരുന്നവർ സത്യപ്രതിജ്ഞ ചെയ്യുന്നതിന്റെ അന്നുതന്നെ ഏതുപാർട്ടിയിലാണ് അവർ ഉൾപ്പെടുന്നത് എന്നതിനെ സംബന്ധിച്ച് ഒരു ഡിക്ലറേഷൻ കൊടുക്കുന്നുണ്ട്, സ്വതന്ത്രനാണെങ്കിൽ അങ്ങനെ. അതുവച്ചുകൊണ്ട് താങ്കൾ ഈ പറയുന്ന രീതിയിൽ ഒരു നിയമനിർമ്മാണം നടത്തിയാൽ കാലുമാറുന്നത് സംബന്ധിച്ച് വ്യക്തമായും സെക്രട്ടറിക്കോ അല്ലെങ്കിൽ ചുമതലപ്പെട്ട വരണാധികാരിക്കോ അറിയാൻ കഴിയും, മാസങ്ങളോളം പോകേണ്ട കാര്യമില്ല. ആ നിലയിൽ ഒരു ഭേദഗതി കൊണ്ടുവരാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: ഇന്ന് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിലുള്ള ആദ്യത്തെ കാര്യം അതുതന്നെയാണ്. അതിനുള്ള ക്ലാരിറ്റി അതിൽ വരുത്തുന്നുണ്ട്.

ശ്രീ. സി. കെ. നാണു: സർ, കർണ്ണാടകയിൽ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെതന്നെ ജനതാദളിന്റെയും കോൺഗ്രസ്സിന്റെയും അഞ്ച് മെമ്പർമാരെ വീതം അന്നത്തെ മുഖ്യമന്ത്രി രാജി വയ്പ്പിച്ചു. അതിനുശേഷം അവിടെ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നപ്പോൾ ഈ പത്ത് ആളുകളെത്തന്നെ അദ്ദേഹം സ്ഥാനാർത്ഥിയാക്കി നിർത്തി വിജയിപ്പിച്ചു. ഒരാൾ ഒരു പ്രസ്ഥാനത്തിൽ നിന്ന് രാജി വയ്ക്കുന്നത് പണം വാങ്ങിയിട്ടാണ്. കുറച്ച് ദിവസങ്ങൾക്കുശേഷം നിയമസഭാ തെരഞ്ഞെടുപ്പ് വരുമ്പോൾ അയാൾതന്നെ മത്സരിക്കുന്നു, ജയിക്കുന്നു. അപ്പോൾ ജനാഭിലാഷത്തിനെതിരായി കൂറുമാറ്റച്ചട്ടങ്ങളെ ദുരുപയോഗപ്പെടുത്തുന്ന തരത്തിലുള്ള സംഭവങ്ങൾ കർണ്ണാടക സംസ്ഥാനത്തിൽ ഉണ്ടായിരിക്കുകയാണ്. ആ ഗവൺമെന്റിന്റെ ഭൂരിപക്ഷം അങ്ങനെയാണ് നിലനിർത്തിയത്. അദ്ദേഹമിപ്പോൾ പാർട്ടിയെല്ലാം മാറി, പുറത്തുനിൽക്കേണ്ടി വന്നു, അതെല്ലാം വേറെ കാര്യം. പക്ഷെ ഇതിനെ നമ്മൾ എങ്ങനെ നേരിടും?

ശ്രീ. ജോസഫ് വാഴക്കൻ: ഒരു പ്രധാനപ്പെട്ട പ്രശ്നമാണത്. കർണ്ണാടകയിൽ നടന്ന സംഭവം പണം വാങ്ങിയാണെന്ന് പറയുന്നു. പണം വാങ്ങാതെ സത്യസന്ധമായ രാഷ്ട്രീയ നിലപാടുകളുടെ പേരിൽ നിലപാടുകൾ സ്വീകരിക്കുന്നവരുണ്ട്. ശ്രീ. ആർ. സെൽവരാജെല്ലാം അത്തര

ത്തിൽ നിലപാടുകൾ സ്വീകരിച്ചിട്ടുള്ളവരാണ്. അതിനെ സംബന്ധിച്ച് കൃത്യമായ നിർവ്വചനം കിട്ടണം. ഇത് ഒരാളുടെ വ്യക്തി സ്വാതന്ത്ര്യമാണ്, ഞാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു, എം.എൽ.എ. ആയിരിക്കുന്നു, എനിക്ക് ഈ പാർട്ടിയുടെ ആളായി നിൽക്കാൻ ആഗ്രഹമില്ല എന്നുള്ള ചിന്ത വന്നാൽ രാജി വയ്ക്കുക എന്നുള്ളത് ഒരാളുടെ മൗലികാവകാശമാണ്. അതിനെ ചോദ്യം ചെയ്യാൻ കഴിയുകയില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിൽ പഞ്ചായത്ത് അംഗങ്ങൾ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പോകുന്നതിനെ അന്നത്തെ സി.പി.എം. നേതൃത്വത്തിലുള്ള ഭരണകക്ഷി തടസ്സപ്പെടുത്തുകയും ഹൈക്കോടതിയുടെ ആവർത്തിച്ചുള്ള ഉത്തരവുണ്ടായിട്ടും അവിശ്വാസപ്രമേയ ചർച്ചയ്ക്കും പ്രസിഡന്റ് തെരഞ്ഞെടുപ്പിനും പഞ്ചായത്ത് ഭരണ സമിതിയിൽ പോകാൻ അവസരം നിഷേധിക്കപ്പെടുകയും പിന്നീട് അന്നത്തെ ഗവൺമെന്റ് അതിനെ ന്യായീകരിക്കുന്നതിനുവേണ്ടി പയ്യാവൂർ ഓർഡിനൻസ് എന്നപേരിൽ കുപ്രസിദ്ധിയാർജ്ജിച്ച ഓർഡിനൻസ് പുറപ്പെടുവിച്ച് നിയമഭേദഗതി വരുത്തുകയും എന്നിട്ടും മെമ്പർമാരുടെ ഭൂരിപക്ഷ തീരുമാനത്തെ മറികടക്കാൻ സാധിക്കാതെ വരികയും അവസാനം അന്നത്തെ ഗവൺമെന്റ് കോടതിയലക്ഷ്യത്തിന് സുപ്രീം കോടതിയുടെ മുമ്പാകെ അഡ്വക്കേറ്റ് ജനറൽ മുഖേന മാപ്പ് പറയുകയും ചെയ്ത സംഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: തീർച്ചയായിട്ടും, പയ്യാവൂരിലെ കേസ് വളരെ പ്രമാദമായ ഒരു കേസ്സായിരുന്നു. ഇത്തരത്തിൽ വളരെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഇതിലുണ്ട്. ഇതിനകത്ത്, ഒരംഗം മാറിനിൽക്കണം എന്നുപറയുന്നതിനും വിപ്പ് കൊടുക്കാനും കഴിയുന്ന സാഹചര്യമുണ്ട്, തെരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ട എന്നുപറയാൻവേണ്ടിയുള്ള സന്ദർഭമുണ്ട്. ഒരു ന്യായത്തിന്റെ പേരിലോ അല്ലെങ്കിൽ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നിലപാടുകളുടെ ഭാഗമായിട്ടോ ആണെങ്കിൽ നമുക്കതിനെയെല്ലാം ന്യായീകരിക്കാൻ കഴിയും. പക്ഷെ പലപ്പോഴും അങ്ങനെയല്ല സംഭവിക്കുന്നത്. മറ്റുപല താൽപ്പര്യങ്ങളാണ് ഇത്തരം തീരുമാനങ്ങളെടുക്കുന്നതിന്റെ പിന്നിലുള്ളത് എന്നതാണ് ഇതിനെ പലപ്പോഴും കൂടുതൽ പ്രയാസത്തിലാക്കുന്നത്. രേഖാമൂലമുള്ള നിർദ്ദേശമെന്നാൽ "ഒരു രാഷ്ട്രീയ കക്ഷിയിൽപ്പെട്ടതോ ഒരു രാഷ്ട്രീയ കക്ഷിയുടെ പിന്തുണയുള്ളതോ ആയ ഒരു അംഗത്തിനെ പ്രസ്തുത രാഷ്ട്രീയ കക്ഷിയുടെ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി അനുകൂലമായോ പ്രതികൂലമായോ വോട്ട് രേഖപ്പെടുത്തുന്നതിനോ വോട്ടെടുപ്പിൽനിന്ന് വിട്ടുനിൽക്കുന്നതിനോ തീയതിവച്ച് ഒപ്പിട്ട് രേഖാമൂലം നൽകുന്ന നിർദ്ദേശമെന്ന് അർത്ഥമാകുന്നു." ആ നിർദ്ദേശം തെരഞ്ഞെടുക്കപ്പെട്ട ഒരംഗം ആ യോഗത്തിൽ വായിക്കണം. കൂടാതെ സെക്രട്ടറിയുടെ കൈയിൽ ഇത് എഴുതി ക്കൊടുക്കുകയും വേണം. ഇവിടെ ഒരു ചെറിയ സങ്കീർണ്ണത വന്നിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട അംഗം ഇത് സെക്രട്ടറിയുടെ കൈയിൽ എഴുതിക്കൊടുക്കുകയും യോഗത്തിൽ വായിക്കുകയും

ചെയ്യണം. നിശ്ചയിച്ചിരിക്കുന്ന പാർട്ടിയിൽ ഒരംഗമേയുള്ളൂവെങ്കിൽ അദ്ദേഹം ഇതിനുവിരുദ്ധമായിട്ടാണ് വായിക്കുന്നതെങ്കിൽ, സെക്രട്ടറിക്ക് എഴുതിക്കൊടുത്തുകഴിഞ്ഞാൽ യോഗം ചേരുമ്പോൾ സെക്രട്ടറിതന്നെ ഈ ലിസ്റ്റ് വായിക്കണം, ഇതാണ് ഓരോ രാഷ്ട്രീയ പാർട്ടിയും തന്നിരിക്കുന്ന വിപ്പ്. ഇന്നയിന്ന അംഗങ്ങൾക്ക് ഈ രീതിയിലുള്ള വിപ്പ് വന്നിരിക്കുന്നു എന്ന് വായിച്ചാൽ ആ അംഗത്തിന് നിഷേധിക്കാൻ പറ്റുകയില്ല. അതല്ലാതെ ഒരു അംഗത്തിനെ ചുമതലപ്പെടുത്തേണ്ട കാര്യമില്ല.

ശ്രീ. സി.പി. മുഹമ്മദ്: നിയമസഭയിൽ ഒരാൾ കാലുമാറിക്കഴിഞ്ഞാൽ കൂറുമാറ്റ നിരോധന നിയമമനുസരിച്ച് സ്പീക്കർക്ക് അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാം. പഞ്ചായത്തിൽ മാത്രമെന്തിനാണിത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുമ്പിൽ പോകുന്നത്? പിന്നെ കൂറുമാറ്റത്തെക്കുറിച്ച്, അവനവന് ലാഭം കിട്ടുമ്പോൾ അതിനെ ന്യായീകരിക്കുകയാണ്. കഴിഞ്ഞ നിയമസഭയിൽ ഐക്യജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥിയായി ജയിച്ചുവന്ന ശ്രീ. തോമസ് ചാണ്ടി എൻ.സി.പി.-യിലേക്ക് മാറി. ആ കാലുമാറ്റത്തെക്കുറിച്ച് ഇവിടെ ആരും പറഞ്ഞില്ല എന്നുള്ളത് അങ്ങ് ശ്രദ്ധിച്ചോ?

ശ്രീ. ജോസഫ് വാഴക്കൻ: ഓരോരുത്തരും അവരവരുടെ സൗകര്യമനുസരിച്ചാണല്ലോ സംസാരിക്കുന്നത്. ഇത്രയുംനേരം ഇടതുപക്ഷത്തുനിന്നും സംസാരിച്ച ശ്രീ. എ.എം. ആരിഫും ശ്രീമതി ഇ.എസ്. ബിജിമോളുമെല്ലാം അവരുടെ സൗകര്യത്തിനനുസരിച്ചാണ് കാര്യങ്ങൾ പറഞ്ഞത്.

കേരളത്തിൽ കൂറുമാറ്റം ഏറ്റവും കൂടുതൽ നടത്തുകയും കൂറുമാറ്റത്തിന്റെ സൗകര്യങ്ങൾ പൂർണ്ണമായും അനുഭവിക്കുകയും ചെയ്തിട്ടുള്ളത് ഇടതുപക്ഷമാണ്, പ്രത്യേകിച്ചും പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും സംബന്ധിച്ചിടത്തോളം. എത്രയോ സ്ഥലത്ത് ഭീഷണിപ്പെടുത്തി..........

<u>ശ്രീ. എ.കെ. ബാലൻ</u>: 1980-ൽ ഞാൻ ലോകസഭയിലേക്ക് മത്സരിക്കുമ്പോൾ ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് ഞങ്ങളുടെ കൂടെയായിരുന്നു. എനിക്കുവേണ്ടി നന്നായി പ്രവർത്തിച്ച ഒരാളായിരുന്നു അദ്ദേഹം. 1982 ആകുമ്പോഴേക്കും അദ്ദേഹം കോൺഗ്രസ്സ്-(എ)-യിൽ നിന്നും കോൺഗ്രസ്സ്-(ഐ)-യിലേക്കുപോയി. ആദ്യം കൂറുമാറിയത് ശ്രീ. സി.പി. മുഹമ്മദാണ്.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: അന്ന് ഞാൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടി ഇടതുപക്ഷ മുന്നണിക്കൊപ്പമായിരുന്നു, അതിനാൽ അന്ന് നിങ്ങളെ സഹായിച്ചു. അതിനെ കൂറുമാറ്റമെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: അത് കൂറുമാറ്റമല്ല, 1982-ൽ അദ്ദേഹത്തിന്റെ പാർട്ടി കോൺഗ്രസ്സ്-(ഐ)-യിലേക്ക് ലയിക്കുകയാണുണ്ടായത്. അതിനു മുമ്പുവരെ രണ്ട് പാർട്ടിയായിരുന്നു. കോൺഗ്രസ്സ്-(എ) അന്ന് കോൺ ഗ്രസ്സ്-(ഐ)-യിലേക്ക് ലയിച്ചപ്പോൾ അദ്ദേഹം കോൺഗ്രസ്സ്-(ഐ)-യുടെ ഭാഗമായി. അതല്ലാതെ ഒരു കാലുമാറ്റമോ കൂറുമാറ്റമോ ആയിരുന്നില്ല അത്.

ശ്രീ. വി. ശിവൻകുട്ടി: സ്ഥാനമാനങ്ങൾക്കുവേണ്ടിയാണ് അന്ന് അദ്ദേഹം പാർട്ടി മാറിയത്.

ശ്രീ. ജോസഫ് വാഴക്കൻ: സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള മാറ്റമായിരുന്നില്ല അത്. അദ്ദേഹം അന്ന് ഒരു എം.എൽ.എ.-യല്ല, ഒരു പഞ്ചായത്ത് മെമ്പർ പോലുമല്ല. അത് ഒരു രാഷ്ട്രീയ നിലപാടായിരുന്നു. അദ്ദേഹം വിശ്വസിച്ചിരുന്ന ഒരു രാഷ്ട്രീയ പാർട്ടി കോൺഗ്രസ്സ്-(ഐ)-യിൽ ലയിക്കാൻ തീരുമാനിച്ചപ്പോൾ അതിന്റെ ഭാഗമായി അദ്ദേഹം വന്നുവെന്നല്ലാതെ അദ്ദേഹത്തെപ്പോലെ ഒരു സത്യസന്ധനായ ഒരാളെ ഈ രീതിയിലൊന്നും ആക്ഷേപിക്കാൻപോലും പാടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 1982-ൽ കോൺഗ്രസ്സ്-(എ) കോൺഗ്രസ്സ്-(ഐ)-ൽ ലയിച്ചിട്ടില്ല. കോൺഗ്രസ്സ്-(എ)-യുടെ പ്രതിനിധികളായി ശ്രീ. വയലാർ രവിയും ശ്രീ. ഉമ്മൻ ചാണ്ടിയുമെല്ലാം 1982-ൽ നിയമസഭയിൽ വന്നിട്ടുണ്ട്. പിന്നീടാണ് ലയിച്ചത്.

ശ്രീ. ജോസഫ് വാഴക്കൻ: 1982 ഡിസംബർ മാസത്തിലാണ് ലയനസമ്മേളനം എറണാകുളത്ത് നടക്കുകയും ശ്രീമതി ഇന്ധിരാ ഗാന്ധി അവിടെ പ്രസംഗിക്കുകയും ചെയ്യുന്നത്. 1983-ലാണ് ഞങ്ങളുടെ കമ്മിറ്റികളെല്ലാം നിലവിൽ വന്നത്. ഞാൻ പറഞ്ഞുവന്നത്, രാഷ്ട്രീയ പാർട്ടികളുടെ ജില്ലാ സെക്രട്ടറിയോ പ്രസിഡന്റോ ഏതെല്ലാം ആളുകൾക്ക് വിപ്പ് നൽകിയിട്ടുണ്ടെന്നും അവർക്ക് നൽകിയിരിക്കുന്ന നിർദ്ദേശം എന്താണെന്നുമുള്ളത് സെക്രട്ടറിക്ക് എഴുതിനൽകിയാൽ അത് സെക്രട്ടറിതന്നെ

വായിച്ചാൽ മതി. അത് വായിക്കുന്നതിനായി മറ്റൊരു അംഗത്തെ ചുമതല പ്പെടുത്തേണ്ട കാര്യമില്ല. കാരണം ഒരംഗം മാത്രമുള്ള കക്ഷിയിൽപ്പെട്ട ആളുകളുണ്ടാകും. അവർ ചിലപ്പോൾ അദ്ദേഹത്തിന്റെ പാർട്ടിയുടെ ജില്ലാ സെക്രട്ടറി കൊടുത്തതായിരിക്കുകയില്ല അവിടെ പറയുന്നത്. അതു കൊണ്ട് നേരത്തേ തന്നെ അത് വായിച്ച് അതിനകത്ത് ഒരു ക്ലാരിറ്റി വരു ത്തുന്നതാണ് നല്ലത്. അല്ലെങ്കിൽ അത് കൂടുതൽ കൺഫ്യൂഷനിലേക്ക് പോകും. അതിനാൽ ഇക്കാര്യത്തിൽ സെക്രട്ടറിക്കുതന്നെ പൂർണ്ണമായ അധികാരം നൽകണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. അതുപോലെതന്നെ വേറൊരു വിഷയം, കൂറുമാറുന്നവർക്കെതിരെയുള്ള കേസ് ഇപ്പോൾ 15 ദിവസത്തിനകം കൊടുക്കണമെന്നാണ് റൂളിൽ പറയു ന്നത്. 15 ദിവസം എന്നത് ചെറിയ സമയമാണ്. കേസ്സ് കൊടുക്കുന്നതിന് ഒരു മാസത്തെയെങ്കിലും സമയം അനുവദിക്കണം. അക്കാര്യത്തിൽ ഒരു ക്ലാരിറ്റിയുണ്ടാക്കിയില്ലെങ്കിൽ.........

<u>മി. സ്പീക്കർ</u>: ശ്രീ. ജോസഫ് വാഴക്കൻ, 20 മിനിട്ടായി, അങ്ങയുടെ പ്രസംഗം വൈൻഡപ്പ് ചെയ്യണം. ഒരൊറ്റ വാചകത്തിൽ വൈൻഡപ്പ് ചെയ്തുകൂടേ?

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: ഇതു കഴിഞ്ഞിട്ട് ബാക്കി സംസാരിക്കാം.

<u>മി. സ്പീക്കർ</u>: കഴിഞ്ഞിട്ടുവേണമെങ്കിൽ സംസാരിക്കാം.